# ദൈവരാജ്യം

കോതമംഗലം രൂപതാബുള്ളറ്റിൻ

## നവതിയുടെ നിറവിൽ
## വലിയ പിതാവ്



സെപ്റ്റംബർ 2026 വാല്യം 65 ലക്കം 09

## കോട്ടയം അതിരൂപതയുടെ
## നിയുക്ത സഹായമെത്രാൻ

# അഭിവന്ദ്യ മാർ തോമസ്
# ആനിമൂട്ടിൽ പിതാവിന്

## കോതമംഗലം രൂപതയുടെ
## പ്രാർത്ഥനാശംസകൾ






നാകപ്പുഴ മനോഗുണ മാതാവിന്റെ തീർത്ഥാടന ദൈവാലയത്തിലേക്ക്
നടത്തിയ രൂപതാതല മരിയൻ തീർത്ഥാടനം

**SEP 27**



വി. വിൻസെന്റ് ഡീ പോളിന്റെ
നാമധാരിയായ കോതമംഗലം
രൂപത വികാരി ജനറൽ

**വെരി. റവ. മോൺ.**
**വിൻസെന്റ്**
**നെടുങ്ങാട്ടച്ചന്**

രൂപതാ കുടുംബത്തിന്റെ



## നാമഹേതുക തിരുനാൾ മംഗളങ്ങൾ

# ദൈവരാജ്യം

**കോതമംഗലം രൂപതാബുള്ളറ്റിൻ**

**2026 വാല്യം 65 ലക്കം 9**

| | |
|---|---|
| **PATRON** | Mar George Madathikandathil<br>Bishop of Kothamangalam |
| **EDITOR** | Rev. Fr. Jose Kulathoor |
| **PRINTER & PUBLISHER** | Rev. Dr. George Thekkekara |

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306, bishophouseklm@gmail.com

# ഉള്ളടക്കം

2026 വാല്യം 65 ലക്കം 9
കോതമംഗലം രൂപതാബുള്ളറ്റിൻ

| | |
|---|---|
| സിനഡനന്തര സർക്കുലർ | 07 |
| Pastoral Letter | 15 |
| രൂപതക്കച്ചേരി | 20 |
| PWA | 23 |
| Odisha Mission | 23 |
| മൈനർ സെമിനാരി | 24 |
| വിജ്ഞാനഭവൻ | 24 |
| Corporate Educational Agency | 30 |
| Nirmala Civil Service Academy | 31 |
| സോഷ്യൽ സർവീസ് | 33 |
| തിരുബാലസഖ്യം | 34 |
| ചെറുപുഷ്പ മിഷൻലീഗ് | 35 |
| കെ. സി. എസ്. എൽ | 37 |
| ഫാമിലി അപ്പോസ്തലേറ്റ് | 37 |
| പ്രോലൈഫ് | 39 |
| പിതൃവേദി | 40 |
| മാതൃവേദി | 41 |
| യൂദിത്ത് മിനിസ്ട്രി | 42 |
| മദ്യവിരുദ്ധ സമിതി | 43 |
| ഡി. എഫ്. സി. | 45 |
| യുവദീപ്തി-KCYM | 47 |
| ജീസസ് യൂത്ത് | 49 |
| നെസ്റ്റ് പ്രോഗ്രാം | 50 |
| തിരുനാൾ മംഗളങ്ങൾ | 50 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 52 |
| Bishop's Engagements | 55 |
| നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം | 56 |
| നിര്യാതരായി | 57 |

Prot. No. 0572/2026

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
മാർ റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2026 ആഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയുടെ വിശ്വാസജീവിതത്തെയും അജപാലനപ്രവർത്തനങ്ങളെയും കാലഘട്ടത്തിന്റെ വെല്ലുവിളികളോടു കൂടുതൽ ഫലപ്രദമായി പ്രതികരിക്കുന്നവിധത്തിൽ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ മാർഗങ്ങൾ സിനഡിൽ വിശദമായി ചർച്ചചെയ്തു. പ്രാർഥനയ്ക്കും സാഹോദര്യത്തിനും സഭയുടെ കൂട്ടായ്മയ്ക്കും ഊന്നൽ നല്കി നടന്ന ഈ സിനഡ്, പരിശുദ്ധാത്മാവിന്റെ കൃപയിൽ മെത്രാന്മാർ ഒരുമിച്ചു ദൈവഹിതം അന്വേഷിച്ച അനുഗ്രഹപ്രദമായ ദിവസങ്ങളായിരുന്നു. സിനഡുസമ്മേളനത്തിന്റെ വിജയത്തിനായി പ്രാർഥിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## സഭാസമൂഹത്തിന്റെ ശക്തീകരണം

2024ൽ പാലായിൽ നടന്ന സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർച്ചയായി നാം സമുദായ ശക്തീകരണവർഷം ആചരിച്ചുവരികയാണല്ലോ. ആനുകാലിക ലോകത്തിന്റെ വിവിധ വെല്ലുവിളികളെ നേരിടാൻ സഭാംഗങ്ങളുടെ ആത്മീയവും സാമൂഹികവുമായ ശക്തീകരണം അനിവാര്യമാണെന്ന ബോധ്യമാണ്

ഈ വർഷാചരണത്തിലേക്കു നമ്മെ നയിച്ചത്. വിവിധ രാജ്യങ്ങളിൽ ചിതറിപ്പാർക്കുന്ന സമുദായാംഗങ്ങളെ ഒരു വിശ്വാസിസമൂഹമായി നിലനിറുത്തുന്നതു സഭയോടുള്ള ബന്ധവും സഭാംഗങ്ങളായിരിക്കുന്നതിലുള്ള അഭിമാനബോധവുമാണ്.

ജനസംഖ്യാശോഷണം, സഭാത്മകബോധത്തിന്റെ കുറവ്, കൃഷിവ്യാപാര മേഖലകളോടുള്ള പുതുതലമുറയുടെ താല്പര്യക്കുറവ്, സമൂഹത്തിന്റെ മുഖ്യധാരകളിലെ നമ്മുടെ അസാന്നിധ്യം തുടങ്ങിയവ നമ്മുടെ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഈ വെല്ലുവിളികൾ നമ്മെ ഭയപ്പെടുത്തുന്നതിനുപകരം പുതിയ പ്രവർത്തന ശൈലികൾ കണ്ടെത്തുന്നതിനുള്ള പ്രചോദനമായി മാറണം. രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നനിലയിൽ, ആത്മീയബോധ്യങ്ങളിൽ ആഴപ്പെട്ടു കൂടുതൽ കരുത്തോടെ സുവിശേഷത്തിന്റെ സാക്ഷികളാകാനാണു നാം ശ്രമിക്കേണ്ടത്. അതോടൊപ്പം, ഇളംതലമുറയെ വിശ്വാസത്തിലും സഭാവബോധത്തിലും ഉറപ്പിക്കാനും അവരുടെ കഴിവുകളും വിഭവശേഷിയും വളർത്തിയെടുക്കാനുമുള്ള പരിശ്രമങ്ങൾ കൂടുതൽ തീക്ഷ്ണമായി നടത്തേണ്ടതുണ്ട്. സമുദായശക്തീകരണവർഷത്തിൽ നമ്മുടെ രൂപതകളിൽ ആരംഭിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സഭയെയും സമുദായത്തെയും ബലപ്പെടുത്തുമെന്നു സിനഡു വിലയിരുത്തി. ഇതിനായി നിസ്വാർഥമായി അധ്വാനിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.

**ആഴപ്പെടേണ്ട വിശ്വാസജീവിതം**

കുടുംബങ്ങളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും വിശ്വാസരൂപീകരണവും വിശ്വാസശക്തീകരണവും സഭയുടെ കരുതലിന്റെ ഭാഗമാണ്. ലോകമെമ്പാടും സീറോമലബാർ സഭ വളർന്നതിന്റെ പിന്നിൽ പ്രവാസികളുടെ വിശ്വാസതീക്ഷ്ണത പ്രധാനപ്പെട്ട ഘടകമായിരുന്നുവെന്നതു നിസ്തർക്കമാണ്. തങ്ങളുടെ പൂർവികരുടെ അതേ വിശ്വാസതീക്ഷ്ണതയോടെ മക്കളെ വളർത്താൻ പുതിയ തലമുറയിലെ ഭൂരിപക്ഷം മാതാപിതാക്കളും പരിശ്രമിക്കുന്നുവെന്നതു നമുക്ക് അഭിമാനകരമാണ്. എന്നാൽ, ഇന്ന് അനുദിനജീവിതത്തിന്റെ അവിഭാജ്യ

ഘടകമായി മാറിയിരിക്കുന്ന ഡിജിറ്റൽ സങ്കേതങ്ങളാൽ പ്രത്യേകിച്ച്, സമൂഹ മാധ്യമങ്ങളാൽ സ്വാധീനിക്കപ്പെടുന്നവരിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക നിരീശ്വരത്വത്തിന്റെ സ്വാധീനം അനുദിനം വർധിതമാകുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ കുടുംബങ്ങളുടെ വിശ്വാസപരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്നു. ഏകരക്ഷകനായ ഈശോമിശിഹായെക്കുറിച്ചും മിശിഹായുടെ മൗതികശരീരമായ സഭയെക്കുറിച്ചുമുള്ള ബോധ്യങ്ങൾ വിശ്വാസജീവിതത്തിൽ നിരന്തരം ആഴപ്പെടുത്തേണ്ടതുണ്ട്. വിശ്വാസതീക്ഷ്ണതയിൽ കുടുംബങ്ങളെയും യുവജനങ്ങളെയും കുട്ടികളെയും കാലത്തിനൊത്തു വളർത്താൻ ഉതകുന്നരീതിയിൽ അജപാലനപ്രവർത്തനങ്ങൾ ക്രമീകരിക്കാൻ എല്ലാവരോടും അഭ്യർഥിക്കുന്നു. മൂല്യശോഷണം, വ്യക്തിവാദം, സാമ്പത്തിക സമ്മർദങ്ങൾ, തലമുറകൾ തമ്മിലുള്ള അകലം, ഡിജിറ്റൽ സംസ്കാരത്തിന്റെ സ്വാധീനം തുടങ്ങിയ നിരവധി വെല്ലുവിളികളെ നമ്മുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, കുടുംബജീവിതത്തിലേക്കുള്ള ദൈവവിളിയെ വിലമതിക്കാനും വിവാഹമെന്ന കൂദാശയുടെ കൃപകൾ സ്വീകരിക്കാനും യുവജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുന്ന മദ്യം, മയക്കുമരുന്നു തുടങ്ങിയ സാമൂഹികതിന്മകൾക്കെതിരെയുള്ള പോരാട്ടവും ബോധവത്ക്കരണവും നാം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

### പ്രേഷിതപ്രവർത്തനത്തിനു നവോന്മേഷം

ഭാരതംമുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷ പ്രഘോഷണവും നടത്താനുള്ള സാധ്യത ലഭിച്ചതുമുതൽ, ഏറെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ സുവിശേഷവത്ക്കരണ പ്രവർത്തനങ്ങൾ സീറോമലബാർസഭ നടത്തിവരുന്നു. "ക്രൈസ്തവൻ ആയിരിക്കുക എന്നാൽ സുവിശേഷകൻ ആയിരിക്കുക എന്നുകൂടിയാണ്" (CCC 900) എന്ന ബോധ്യം നമുക്കുണ്ടാകണം. "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ.16:15) എന്ന കല്പന ലഭിച്ചവരായതുകൊണ്ടു, സുവിശേഷപ്രഘോഷണം നമ്മുടെ വിശ്വാസജീവിതത്തിന്റെ അവിഭാജ്യഭാഗമാണ്. ഇന്ത്യൻ ഭരണഘടന

യുടെ 25-ാം അനുച്ഛേദത്തിലൂടെ ഏതു മതത്തിലും വിശ്വസിക്കാനും വിശ്വാസം ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പു നല്കിയിട്ടുണ്ടല്ലോ. നമ്മുടെ വിശ്വാസത്തിൽനിന്നു ഉടലെടുക്കുകയും എന്നാൽ മതവിശ്വാസങ്ങൾക്കതീതമായി എല്ലാവരെയും ആശ്ലേഷി ക്കുന്നതുമാണു സഭയുടെ സേവനമേഖലകൾ. എന്നാൽ, നിർബന്ധിത മതപരിവർത്തനം എന്ന ആരോപണം ഉന്നയിച്ചു നമ്മുടെ വിശ്വാസ ജീവിതത്തെയും ജീവകാരുണ്യ വിദ്യാഭ്യാസ ശുശ്രൂഷകളെയും തടസ്സ പ്പെടുത്തുന്ന പ്രവണതകൾ ഇന്ത്യയുടെ മതേതരസ്വഭാവത്തിനു യോജിച്ചതല്ല എന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

2024 ലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം ജീവൻജ്യോതി എന്ന പേരിൽ അല്മായ പ്രേഷിത മുന്നേറ്റത്തിനു സഭാതലത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2033 ലെ രക്ഷാ കരസംഭവത്തിന്റെ മഹാജൂബിലി ലക്ഷ്യമാക്കി സഭയുടെ പ്രേഷിത ദൗത്യത്തിനു പുതിയ ഉണർവുനല്കുന്ന പദ്ധതിയാണു ജീവൻജ്യോതി വിഭാവനംചെയ്യുന്നത്. ഈ മുന്നേറ്റത്തിന്റെ ഭാഗമായി ഓരോ രൂപത യിലും പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിക്കാനും ശക്തിപ്പെടുത്താ നും ആഹ്വാനംചെയ്യുന്നു. വളരെ ദുർഘടമായ സാഹചര്യങ്ങളിലും ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്ന മിഷനറിമാരെ സഭ ഏറെ വാത്സ ല്യപൂർവം അഭിവാദനം ചെയ്യുന്നു.

## പരിഹാരം കാണേണ്ട ജീവിതപ്രശ്നങ്ങൾ

കേരളത്തിൽനിന്നുള്ള ഏതാനും പാർലമെന്റ്, നിയമസഭാ സാമാജികരുമായി സംവദിച്ചു സഭയും സമൂഹവും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരസ്പരം ശ്രദ്ധയിൽപ്പെടുത്താനും പരിഹാരങ്ങൾ അന്വേഷിക്കാനും സിനഡുപിതാക്കന്മാർക്ക് അവസരം ലഭിച്ചു. ആവ ശ്യമായ കൂടിയാലോചനകൾക്കു ശേഷം ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമയ ബന്ധിതമായി നടപ്പാക്കണമെന്നും അധ്യാപകനിയമനപ്രതിസന്ധിയുൾപ്പെടെ വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്കും വർഷങ്ങളായി തീരുമാന മാകാതെ നീളുന്ന പരിസ്ഥിതിലോലമേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്നുള്ള

ആവശ്യങ്ങൾ ജനപ്രതിനിധികളുടെ മുൻപിൽ അവതരിപ്പിച്ചു. അതോടൊപ്പം, നിയമവിധേയമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസസാമൂഹിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന നിയമനിർമാണങ്ങൾ അവതരിപ്പിക്കപ്പെടുന്നതിലുള്ള ആശങ്കയും പങ്കുവച്ചു. രാജ്യത്തെ നിയമങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും മാനിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമവ്യവസ്ഥകൾ രൂപപ്പെടുന്നത് ഏറെ ഉൽകണ്ഠാജനകമാണ്. അതേസമയം, ദുർഘടമായ പാതകളിലൂടെ സഞ്ചരിച്ചുകൊണ്ടാണു സഭ എന്നും ലോകത്തിന്റെ പ്രകാശമായി നിലകൊണ്ടിട്ടുള്ളതെന്നു നാം മറക്കരുത്. പ്രതിസന്ധികളെ അതിജീവിച്ചു സത്യത്തിനും നീതിക്കും മനുഷ്യന്റെ അന്തസ്സിനും വേണ്ടി ശബ്ദമുയർത്തിക്കൊണ്ടു സമൂഹത്തിന്റെ നന്മയ്ക്കായുള്ള സഭയുടെ ദൗത്യം കൂടുതൽ ശക്തമായി നമുക്കു തുടരാം.

### കൂട്ടായ്മ നമ്മുടെ ഉത്തരവാദിത്വം

പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടെങ്കിലും, "സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ അധികാരവും നല്കപ്പെട്ടിരിക്കുന്ന" (മത്താ. 28:18) നമ്മുടെ കർത്താവിലാണു നമ്മുടെ പ്രത്യാശ. 'കർത്താവു കൂടെനടക്കുന്ന ജനമെന്ന'നിലയിൽ (പുറ. 33:14) കൂടുതൽ കരുത്തോടെ മുന്നോട്ടുപോകേണ്ടവരാണ് നാം. നമ്മുടെ സഭയുടെ ഒരുമിച്ചുള്ള യാത്രയിൽ വലിയൊരു ചുവടുവയ്പായിരുന്നു അൾത്താരയിലെ ഐക്യം. വ്യത്യസ്തമായ കുർബാന അർപ്പണരീതികൾ നമ്മുടെ സഭയുടെ ഐക്യബോധത്തെ സാരമായി ബാധിച്ചുവെന്ന തിരിച്ചറിവിലാണു 1999 മുതൽ ഐക്യശ്രമങ്ങൾ ആരംഭിച്ചത്. അതു പൂർണമായി നടപ്പിൽ വരുത്താൻ സാധിക്കാത്തതു ദുഃഖകരമാണ്. എന്നാൽ വാക്കുകൾകൊണ്ടു പരസ്പരം മുറിപ്പെടുത്തി ഒരിക്കലും ഐക്യം സാധ്യമാക്കാനാവില്ലെന്നു നാം തിരിച്ചറിയണം. പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പാ ആഹ്വാനംചെയ്തതുപോലെ, നമ്മുടെ വാക്കുകൾ നിരായുധീകരിക്കാം; അങ്ങനെ ലോകത്തെ നിരായുധീകരിക്കാൻ നമുക്കു സഹായിക്കാം. അതിനാൽ ഉപയോഗിക്കുന്ന വാക്കുകൾ, നമുക്കുള്ള മുൻവിധികൾ, അവയിൽ ഒളിഞ്ഞുകിടക്കുന്നതോ

പ്രകടമായതോ ആയ ആക്രമണോത്സുകത എന്നിവയെക്കുറിച്ചു നാമെല്ലാവരും ആത്മശോധന ചെയ്യേണ്ടതുണ്ട് (മാനവമഹത്വം, 214).

നിരന്തരമായ പ്രാർഥനയും വ്യക്തിപരമായ മാനസാന്തരവും പരസ്പരമുള്ള അനുരഞ്ജനവും മാത്രമേ ശാശ്വതമായ സമാധാനത്തിലേക്കു നയിക്കൂ. നീതിയില്ലാതെ സമാധാനം നിലനില്ക്കുകയില്ല എന്ന സത്യം അംഗീകരിക്കുമ്പോഴും കോടതിവ്യവഹാരങ്ങളിലൂടെയല്ല സഭയിൽ സമാധാനം നേടേണ്ടതെന്നു എല്ലാവരും തിരിച്ചറിയണം. ജയപരാജയങ്ങളിലല്ല, ക്രൂശിതന്റെ വിധേയത്വത്തിലൂടെയാണു രക്ഷ കൈവരുന്നത്. “ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു അഭിവന്ദ്യ പിതാക്കന്മാരുടെ നിർദേശങ്ങൾ സ്വീകരിച്ച് ഐക്യത്തിന്റെ സന്ദേശവാഹകരാകാൻ നമുക്കു ശ്രമിക്കാം. ദൈവകൃപ സംഘർഷങ്ങളെ അത്ഭുതകരമായി ഒറ്റയടിക്ക് ഇല്ലാതാക്കുന്നില്ല; മറിച്ച്, അത് തിന്മയ്ക്കെതിരെയുള്ള സജീവമായ പ്രതിരോധത്തിനും തിന്മയെ മറികടക്കുന്നതിലെ അത്ഭുതകരമായ സർഗാത്മകതയ്ക്കും പ്രചോദനമേകുന്നു” (മാനവമഹത്വം, 211) എന്ന പരിശുദ്ധ പിതാവു ലെയോ മാർപാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. നന്മയുടെ പുതിയ മാനങ്ങൾ തേടിക്കൊണ്ടു പരിമിതികളെ മറികടക്കാൻ നമുക്കു പരിശ്രമിക്കാം.

**കാലാനുസൃതമായ പുരോഹിതപരിശീലനം**

പൗരോഹിത്യ ദൈവവിളികളാൽ സഭയെ സമ്പന്നമാക്കുന്ന സർവശക്തനായ ദൈവത്തിനു നമുക്കു നന്ദിപറയാം. ആധുനിക ലോകത്തിൽ വൈദികർ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികൾ സിനഡു ചർച്ചയ്ക്കു വിഷയമാക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനു വൈദികർക്കുവേണ്ടിയുള്ള കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. വൈദികവിദ്യാർഥികളുടെ പരിശീലനം കാലത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനു തയ്യാറാക്കിയ പാഠ്യപദ്ധതി മൈനർ സെമിനാരിമുതൽ ആരംഭിച്ചുവെന്നതു സന്തോഷകരമാണ്. വിശ്വാസതീക്ഷ്ണതയാൽ നിറഞ്ഞു സഭയുടെ മനുഷ്യരായി മിശിഹായ്ക്കു സാക്ഷ്യംനല്കാൻ വൈദികർക്കു സാധിക്കുമ്പോഴാണു ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം വ്യാപിക്കുന്നത്.

സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെക്കുറിച്ചും സഭ ദൈവത്തിനു നന്ദി പറയുന്നു. സമർപ്പിതസമൂഹങ്ങളിലൂടെ എത്രമാത്രം

അനുഗ്രഹങ്ങളാണു ദൈവം നമുക്കു ചൊരിയുന്നത്. കാരുണ്യ വിദ്യാഭ്യാസമേഖലകളിലും പ്രേഷിതപ്രവർത്തനങ്ങളിലും ത്യാഗനിർഭരമായി ശുശ്രൂഷചെയ്യുന്ന സമർപ്പിതർ സുവിശേഷത്തിന്റെ സൗരഭ്യം ലോകത്തിൽ പ്രസരിപ്പിക്കുന്നവരാണ്. അതിനാൽത്തന്നെ സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതുണ്ട്. സിനഡു സമ്മേളനത്തിന്റെ ഭാഗമായി സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുമായി നടത്തിയ കൂടിക്കാഴ്ച വളരെ ഫലപ്രദമായിരുന്നു.

## സീറോമലബാർ ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ

സീറോമലബാർസഭയുടെ പുരാതനവും സമ്പന്നവുമായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും സഹായിക്കുന്ന ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ പൊതുസമൂഹത്തിനായി തുറന്നുകൊടുക്കാൻ നമുക്കു കഴിഞ്ഞു. ഈ കേന്ദ്രത്തിൽ സജ്ജീകരിച്ചിരിക്കുന്ന സെന്റ് തോമസ് ഹെറിറ്റേജ് മ്യൂസിയം കേരളത്തിലേതന്നെ പ്രധാനപ്പെട്ട ക്രിസ്ത്യൻ മ്യൂസിയങ്ങളിലൊന്നാണ്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥാപിച്ചിരിക്കുന്ന ഈ പൈതൃകകേന്ദ്രവും മ്യൂസിയവും സന്ദർശിക്കാൻ ഏവരെയും സ്നേഹപൂർവം സ്വാഗതംചെയ്യുന്നു.

## കോട്ടയം അതിരൂപതയ്ക്കു സഹായമെത്രാൻ

കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി പെരിയ ബഹുമാനപ്പെട്ട ആനിമൂട്ടിൽ തോമസച്ചനെ നിയമിച്ചതു സീറോമലബാർ സഭയ്ക്കാകെ ഏറെ സന്തോഷകരമായ കാര്യമാണ്. ബഹുമാനപ്പെട്ട തോമസ് അച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടെയെന്നു പ്രാർഥിക്കുകയും അദ്ദേഹത്തിന്റെ ശുശ്രൂഷകൾക്കു ആശംസകളും ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ദൈവികപരിപാലനയിൽ നടന്ന ഈ സിനഡ്, നമ്മുടെ സഭയെ ദൈവഹിതത്തിന് അനുസൃതമായി രൂപപ്പെടുത്തുന്നതിനുള്ള പുതിയ ഉത്തരവാദിത്വബോധമാണ് നമ്മിൽ ഉണർത്തുന്നത്. പ്രതിസന്ധികളിൽ

തളരാതെ, വെല്ലുവിളികളിൽ പതറാതെ, കർത്താവിൽ പ്രത്യാശയർപ്പിച്ചു വിശ്വാസത്തിലും കൂട്ടായ്മയിലും പ്രേഷിത തീക്ഷ്ണതയിലും നമുക്കു മുന്നേറാം.

കേരളത്തിൽ മൺസൂൺ മഴയെത്തുടർന്നുണ്ടായ ദുരന്തങ്ങളിൽ ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങളോടുള്ള നമ്മുടെ സഭയുടെ ഹൃദയപൂർവമായ ഐക്യദാർഢ്യം രേഖപ്പെടുത്തുന്നു. അതോടൊപ്പം, നേപ്പാളിൽ സംഭവിച്ച ദാരുണമായ പ്രകൃതി ദുരന്തത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവരുടെ വേദനയിൽ പങ്കുചേരുകയും വീടും ഉപജീവനമാർഗങ്ങളും ഇല്ലാതായവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം തേടിക്കൊണ്ടു, നമ്മുടെ സഭയെയും കുടുംബങ്ങളെയും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. പരിശുദ്ധാത്മാവു നമ്മുടെ യാത്ര നയിക്കുകയും മിശിഹായിൽ ഒന്നായ ഒരു സഭയായി കൂടുതൽ ശക്തിയോടെ സുവിശേഷത്തിനു സാക്ഷ്യംവഹിക്കാൻ നമ്മെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026-ാം ആണ്ട് ആഗസ്റ്റ് മാസം 28-ാം തീയതി നല്കപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2026 സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Pastoral Letter No. 3/2026

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

# വി. കുരിശിന്റെ പുകഴ്ച: ആശ്വാസവും ആത്മവിശ്വാസവും നൽകുന്ന തിരുനാൾ

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സിസ്റ്റേഴ്സ്, പ്രിയ സഹോദരീസഹോദരന്മാരേ,

തിരുസഭയുടെ സംരക്ഷകയും നമ്മുടെ കർത്താവിന്റെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളും വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളും വിശുദ്ധ മദർ തെരേസയുടെ തിരുനാളും ഈ സെപ്റ്റംബർ മാസത്തിൽ നാം ആഘോഷിക്കുകയാണല്ലോ. നമ്മുടെ വിശ്വാസ ജീവിതത്തെ സജീവമാക്കാനും കുടുംബ ജീവിതത്തെ ശക്തിപ്പെടുത്താനും വ്യക്തിജീവിതം നവീകരിക്കപ്പെടാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിനെ ക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഏലിയാ-സ്ലീവ-മൂശ കാലത്തിലാണ് ആരാധനാക്രമ കലണ്ടർ അനുസരിച്ച് നാം ആയിരിക്കുന്നത്. ഈ ലോക ജീവിതത്തിലെ ക്ലേശങ്ങളും സഹനങ്ങളും പ്രത്യാശ നിർഭരമായി നേരിടാനും ആത്മീയ ചൈതന്യത്തോടെ മറികടക്കാനും ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നു. സെപ്റ്റംബർ പതിനാലാം തീയതി ആചരിക്കുന്ന വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. ഈശോയുടെ കുരിശ് നമ്മുടെ രക്ഷയുടെയും പാപമോചനത്തിന്റെയും അടയാളമാണ് എന്ന വിശ്വാസയാഥാർത്ഥ്യം നമ്മുടെ മനസ്സുകളിൽ പതിയട്ടെ.

'നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത് നാം പാപത്തിന് മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരായിരിക്കുന്നു' (1 പത്രോസ് 2: 24).

കുരിശിലെ ഈശോ നൽകുന്ന മാതൃക നമ്മുടെ അനുദിന ജീവിതത്തെ കൂടുതൽ ഭാവാത്മകമാക്കാൻ സഹായിക്കുന്നതാണ്. കഠിനമായ വേദനയിലും മാനസിക ശാരീരിക പിരിമുറുക്കത്തിലും ക്ഷമയുടെ സുന്ദര മാതൃക ഈശോ നൽകുന്ന ഇടമാണ് കുരിശ്. 'പിതാവേ അവരോട് ക്ഷമിക്കണമേ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല' (ലൂക്കാ 23:34). തിരക്കേറിയ ശുശ്രൂഷ മേഖലകളിലും സമ്മർദ്ദങ്ങൾ ഏറെയുള്ള സാഹചര്യങ്ങളിലും ക്ഷമയെന്ന പുണ്യം ഏറെ പ്രധാനപ്പെട്ടതാണ്. ശാന്തതയോടും ക്ഷമയോടും കൂടെ ജീവിതത്തിലെ വ്യത്യസ്ത അനുഭവങ്ങളെ നേരിടാൻ സാധിക്കുക എന്നത് ആത്മീയതയുടെ അടയാളപ്പെടുത്തൽ കൂടിയാണ്. ഈശോ തന്റെ പരസ്യജീവിതകാലത്ത് ധാരാളം പേർക്ക് സ്നേഹവും കരുതലും പങ്കുവയ്ക്കുന്നത് സുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ട്. എന്നാൽ ഈശോയുടെ കരുതലിന്റെ സമൃദ്ധി വെളിവാകുന്നത് കുരിശിലാണ്. നിത്യജീവന്റെ വില എത്രമേൽ വലുതാണ് എന്ന് ക്രൂശിതൻ നമ്മെ പഠിപ്പിക്കുന്നു. നല്ല കള്ളനെ ചേർത്തുപിടിച്ച് അവനെ അവിടുന്ന് സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുന്നു. 'സത്യമായും ഞാൻ നിന്നോട് പറയുന്നു നീ ഇന്ന് എന്നോട് കൂടെ പറുദീസായിൽ ആയിരിക്കും' (ലൂക്കാ 23:43) പരസ്പരം കരുതാനും കാവലാകാനുമുള്ള വിളി ക്രൈസ്തവരായ നമുക്ക് ഏറ്റെടുക്കാം. സ്വാർത്ഥതയും സ്വജനപക്ഷപാതവും സമൂഹത്തിൽ വ്യാപിക്കുന്ന ഈ കാലത്ത് സഹോദരനെ ഉപാധികളില്ലാതെ സ്നേഹിക്കാനും നിസ്വാർത്ഥമായി ചേർത്തുപിടിക്കാനും ശാരീരികവും മാനസികവും ആത്മീയവുമായ ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുന്നവരെ പ്രത്യാശ നിർഭരരാക്കാനും ഈശോയെപ്പോലെ നമുക്ക് പരിശ്രമിക്കാം.

കുരിശ് നമ്മെ പഠിപ്പിക്കുന്ന ക്ഷമയുടെയും കരുതലിന്റെയും മാതൃകകൾ നമ്മുടെ സഭാജീവിതത്തിലും സമൂഹ ജീവിതത്തിലും സം

ഭവിക്കണമെങ്കിൽ കുടുംബങ്ങളിൽ ഇവ പരിശീലിപ്പിക്കപ്പെടണം. 'സ്നേഹം ആരംഭിക്കുന്നത് വീടിനുള്ളിൽ നിന്നാണ്, നമ്മുടെ ഏറ്റവും അടുത്ത് നിൽക്കുന്നവരെ കരുതിക്കൊണ്ടാണ്,' മദർ തെരേസയുടെ ഈ വാക്കുകൾ നമ്മുടെ കുടുംബബന്ധങ്ങളെ കുറിച്ച് ആത്മാർത്ഥമായി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കട്ടെ. സുവിശേഷത്തിൽ അധിഷ്ഠിതമായ ഒരു സ്നേഹസംസ്കാരം നമ്മുടെ കുടുംബങ്ങളിൽ വളരണം. മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹവും ബന്ധവും കൂടുതൽ ആഴമുള്ളതാകണം. വാർദ്ധക്യത്തിലും രോഗാവസ്ഥയിലുമുള്ള വൃദ്ധമാതാപിതാക്കളെ കരുതാനും സ്നേഹിക്കാനുമുള്ള നമ്മുടെ കടമ മറക്കാതിരിക്കാം.

യഥാർത്ഥത്തിൽ കുരിശിന്റെ പുകഴ്ച പൂർത്തീകരിക്കപ്പെടുന്നത് ഈശോയുടെ ഉത്ഥാനത്തിലൂടെയാണ്. ഉത്ഥാനം നൽകുന്ന അടിസ്ഥാന സന്ദേശം പ്രത്യാശയാണ്. നമ്മുടെ ജീവിതം ഏതെല്ലാം തരത്തിലുള്ള പ്രതിസന്ധികളിലൂടെ കടന്നുപോയാലും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു പുലരി ദൈവം നമുക്കായി ഒരുക്കുന്നുണ്ട് എന്ന പ്രത്യാശയാണ് കുരിശിൽ മരിച്ച് ഉത്ഥിതനായ ഈശോ നമുക്ക് നൽകുന്നത്. അതുകൊണ്ട് നിരാശയും പലവിധത്തിലുള്ള ആകുലതകളും അസ്വസ്ഥതകളും നമ്മെ വിഷമിപ്പിക്കുമ്പോൾ ഈശോയുടെ കുരിശും അവിടുത്തെ ഉത്ഥാനവും നമ്മെ പ്രതീക്ഷാനിർഭരരാക്കട്ടെ.

ജീവിതക്ലേശങ്ങളുടെ മുൻപിൽ പതറുന്ന ഒരു സമൂഹമായി നാം ഈ കാലഘട്ടത്തിൽ മാറുന്നുണ്ട് എന്നത് സങ്കടകരമായ ഒരു വസ്തുതയാണ്. അടിസ്ഥാന ക്രൈസ്തവ പുണ്യങ്ങളായ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും കണ്ണിലൂടെ ജീവിതത്തെ കാണാൻ സാധിക്കാതെ വരുമ്പോഴാണ് പ്രതിസന്ധികളിൽ നാം നിരാശരായി പോകുന്നത്. ഇന്ന് നാം നേരിടുന്നതിനേക്കാളും വലിയ സഹനങ്ങളും പ്രതികൂല സാഹചര്യങ്ങളും നമ്മുടെ പൂർവികർ മറികടന്നത് ഈശോയുടെ കുരിശിൽ ഉള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് എന്നുള്ളത് സഭയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. സാമ്പത്തിക

ബുദ്ധിമുട്ടുകൾ, യുദ്ധങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ, സാമൂഹ്യ അനീതികൾ എന്നിവയെല്ലാം കടന്നുവന്നപ്പോൾ ഈശോയുടെ കുരിശിലാണ് നമ്മുടെ കടന്നുപോയ തലമുറ ആശ്വാസവും ആത്മവിശ്വാസവും കണ്ടെത്തിയത്.

ഭൗതിക ലോകത്തിലെ നേട്ടങ്ങളും അംഗീകാരങ്ങളും നശ്വരമാണ് എന്നത് കുരിശ് നമ്മെ പഠിപ്പിക്കുന്നുണ്ട്. ഈ ആത്മീയ യാഥാർത്ഥ്യം നമ്മുടെ കുട്ടികളെ വളരെ ചെറുപ്പം മുതൽ തന്നെയും യുവജനങ്ങളെ അവരുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലും പഠിപ്പിക്കാനും, മനസ്സിൽ ബോധ്യമായി ഉറപ്പിക്കാനും മാതാപിതാക്കളും പരിശീലനത്തിന്റെ വിവിധ ദൗത്യങ്ങൾ ഏറ്റെടുക്കുന്നവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ കർത്താവിന്റെ കുരിശും അതിനോടുള്ള വൈകാരികമായ അടുപ്പവും സ്നേഹവും നമ്മുടെ വിശ്വാസ പാരമ്പര്യത്തിന്റെ തന്നെ ഭാഗമാണ്. പ്രഭാതത്തിൽ എഴുന്നേൽക്കുമ്പോഴും രാത്രിയിൽ വിശ്രമിക്കാൻ പോകുമ്പോഴും നാം കുരിശു വരയ്ക്കുന്നുണ്ട്. നമ്മുടെ ആശീർവാദങ്ങളും സമർപ്പണ പ്രാർത്ഥനകളും വിശുദ്ധ കുരിശിന്റെ നാമത്തിലാണ്. കുരിശ് കാണുമ്പോൾ നാം ആദരപൂർവം വണങ്ങാറുണ്ട്. ബഹുഭൂരിപക്ഷം പേരും കുരിശ് ധരിക്കുന്നു. നമ്മുടെ സ്ഥാപനങ്ങളിലും വാഹനങ്ങളിലുമെല്ലാം പ്രധാന സ്ഥലത്ത് കുരിശ് സ്ഥാപിക്കാറുണ്ട്. ഇതെല്ലാം നാം കുരിശിനോട് കാണിക്കുന്ന സ്നേഹത്തിന്റെയും താല്പര്യത്തിന്റെയും പ്രകടമായ പ്രകാശനങ്ങളാണ്.

ഇത്തരത്തിൽ കുരിശിനെക്കുറിച്ചുള്ള നിരന്തരമായ ഓർമ്മയും കുരിശിന്റെ യഥാർത്ഥ സന്ദേശം അനശ്വരമായ നിത്യ സൗഭാഗ്യമാണ് എന്ന വിശ്വാസ ബോധ്യവും നമ്മുടെ മനസ്സുകളിൽ നിറയുമ്പോൾ അനുദിന ജീവിതത്തിലെ എത്ര വലിയ പ്രതിസന്ധിയെയും വിശ്വാസത്തിന്റെ ആഴത്തിൽ നിന്ന് മറികടക്കാനും അതിജീവിക്കാനും നമുക്ക് സാധിക്കും. ഈ വലിയ അനുഗ്രഹം നമ്മുടെ കുടുംബങ്ങളിലേക്ക് ലഭിക്കാൻ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളും അതിന്റെ ആഘോഷങ്ങളും നമ്മെ സഹായിക്കട്ടെ.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനഭവനത്തിൽനിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2026 സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

# രൂപതക്കച്ചേരി

## C. *75/2026* ഒക്ടോബർ മാസത്തിലെ ജപമാല ഭക്തി

ജപമാല മാസമായ ഒക്ടോബർ മാസം കുടുംബങ്ങളിൽ എന്ന പോലെ കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ആഘോഷമായി ജപമാല ചൊല്ലുന്ന കാര്യം ഓർമ്മിപ്പിക്കുന്നു

*Bishop*

## C. *76/2026* അജപാലന സന്ദർശനം

സെപ്റ്റംബർ 13 - ഏഴല്ലൂർ

സെപ്റ്റംബർ 20 - മീങ്കുന്നം

*Bishop*

## C. *77/2026* Priests' Study Forum

A study forum for the priests of the Eparchy of Kothamangalam will be conducted on Tuesday 29th September 2026 from 10.00 am to 1.00 pm. at NESTT. All priests of the Eparchy are expected to participate in it without fail.

*Bishop*

## *C. 78/2026* ദൈവാലയ ശുശ്രൂഷികൾക്കായി (കപ്യാരന്മാർ) ധ്യാനം

നമ്മുടെ രൂപതയിലെ ദൈവാലയ ശുശ്രൂഷികൾക്കായി (കപ്യാരന്മാർ) താമസിച്ചുള്ള ധ്യാനം മൂവാറ്റുപുഴ NESTT- ൽ 2026 നവംബർ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് 11-ാം തീയതി ബുധനാഴ്ച വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നു. രജിസ്ട്രേഷൻ ഫീസായ ₹ 500 അതാത് ദൈവാലയങ്ങളിൽനിന്ന് കൊടുത്തുവിടേണ്ടതാണ്. ദൈവാലയശുശ്രൂഷകർക്കുള്ള ഈ ധ്യാനത്തിൽ സംബന്ധിക്കാൻ കഴിയാത്തവരുടെ വിവരം പള്ളി വികാരിമാർ മോൺ. നെടുങ്ങാട്ട് ബഹു. വിൻസെന്റ് അച്ചനെ മുൻകൂട്ടി അറിയിക്കണം.

*Bishop*

C. *79/2026* **Young Priests' Seminar**

Annual seminar for the young priests of the eparchy ordained after 2021 will be conducted from September 15th to 17th 2026 at NESTT, Muvattupuzha. All are expected to participate without fail.

*Syncellus*

C. *80/2026* **Monthly Recollection for Priests**

***Topic for discussion in September***

Read in common YOUCAT Nos 300-310.

*Syncellus*

C. *81/2026* **ത്രൈമാസ റിപ്പോർട്ട്**

തിരട്ട് ഫീസ് മൂന്നു പ്രാവശ്യമായി സ്വീകരിക്കുന്നതോടനുബന്ധിച്ചും നമ്മുടെ പള്ളികളിലെ തിരട്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ത്രൈമാസ റിപ്പോർട്ട് സമർപ്പിക്കുന്നതിനെക്കുറിച്ച് ബഹു. അച്ചന്മാരുടെ വാർഷിക ധ്യാനത്തിൽ അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചിരുന്നല്ലോ. അതനുസരിച്ച് ആദ്യ റിപ്പോർട്ട് (2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കണക്കുകൾ) സെപ്റ്റംബർ 30-നകം രൂപത ഫിനാൻസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. പള്ളികളുടെ കണക്കു ചെയ്യുന്ന software-ൽ നിന്നുതന്നെ ഈ റിപ്പോർട്ടും പ്രിന്റ് ചെയ്യാവുന്നതാണ്. അതിനെക്കുറിച്ചുള്ള നിർദേശങ്ങൾ പുതുതായി രൂപീകരിച്ച Pastoral Administrative Team-ന്റെ Whatsapp group-ൽ നൽകുന്നതാണ്.

*Syncellus*

C. *82/2026* **തിരട്ട് ഫീസ്**

2025-26 സാമ്പത്തിക വർഷത്തെ തിരട്ട് ഫീസ് 3 ഗഡുക്കളായി സ്വീകരിക്കുന്നതിനെക്കുറിച്ച് മുൻകൂട്ടി അറിയിച്ചിരുന്നല്ലോ. അതിൻ പ്രകാരം ആദ്യ ഗഡു രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Syncellus*

C. *83/2026* **വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികൾക്കുള്ള പരിശീലനം**

വി. കുർബാന നൽകാൻ സഹായിക്കുന്നതിന് വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികളായി നിയോഗിക്കപ്പെടുവാൻ യോഗ്യത

നേടുന്നതിന് ബഹു. സിസ്റ്റേഴ്സിനായി രണ്ട് ദിവസത്തെ പരിശീലന പരിപാടി 2026 നവംബർ 13, 14 തീയതികളിൽ മൂവാറ്റുപുഴ NESTT -ൽ വച്ച് നടത്തുന്നു. നവംബർ 13-ാം തീയതി വെള്ളിയാഴ്ച 5.00 pm -ന് ആരംഭിച്ച് ശനിയാഴ്ച വൈകിട്ട് 4.00 മണിയോടെ അവസാനിക്കും. 2026 സെപ്റ്റംബർ 5-നു മുമ്പായി ഓരോ കോൺഗ്രിഗേഷനിലും നിന്ന് പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ പേരുകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമേ കോഴ്സിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികളായി രൂപതാദ്ധ്യക്ഷൻ നിയോഗിക്കണം എന്നതിനാൽ മറ്റ് രൂപതകളിൽ കോഴ്സിൽ പങ്കുചേർന്നവരും ഈ കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടുക്കാൻ വരുന്നവർ കോഴ്സ് കഴിയുമ്പോൾ വെഞ്ചരിച്ച് നൽകേണ്ട തിരുവസ്ത്രം കരുതേണ്ടതാണ്. കോഴ്സ് ഫീസ് ₹ 500.

*Syncellus*

C. *84/2026* **തീർത്ഥാടനം – നന്ദി**

ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച മൈലക്കൊമ്പ് ഫൊറോന പള്ളിയിൽ നിന്നും കല്ലൂർക്കാട് പള്ളിയിൽ നിന്നും നാകപ്പുഴ മനോഗുണ മാതാവിന്റെ പള്ളിയിലേക്ക് നടത്തിയ രൂപതാതല മരിയൻ തീർത്ഥാടനം വളരെ ദൈവാനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച എല്ലാവർക്കും പ്രത്യേകിച്ച് തീർത്ഥാടനത്തിൽ പങ്കെടുത്തവർക്കും, ഇതിനായി പ്രാർത്ഥിച്ചവർക്കും, വേണ്ടസൗകര്യങ്ങൾ ക്രമീകരിച്ച നാകപ്പുഴ, മൈലക്കൊമ്പ്, കല്ലൂർക്കാട് പള്ളികളിലെ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചൻമാർക്കും ദൈവജനത്തിനും നന്ദി.

*Syncellus*

*Pr. C. 6/2026* **Presbyteral Council**

An ordinary meeting of the Presbyteral Council will be held on 15th September 2026 from 10.00 am at the Bishop's house. The members are cordially invited. Topics for discussion may be sent to the secretary before 10th September 2026.

*Secretary*

## പള്ളിയിൽ അറിയിക്കാൻ


| | | |
|---|---|---|
| സിനഡനന്തര സർക്കുലർ | Page | 5 |
| Pastoral Letter | Page | 13 |
| സിവിൽ സർവീസ് സ്കോളർഷിപ്പ് പരീക്ഷ, അഡ്മിഷൻ | Page | 30 |
| ജൂബിലി ദമ്പതി സംഗമം 2026 | Page | 36 |


## തിരുനാളുകൾ

**സെപ്റ്റംബർ**

05 കൊൽക്കൊത്തയിലെ വി. തെരേസ
08 പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ
13 വി. ജോൺ ക്രിസോസ്തോം
14 വി. കുരിശിന്റെ പുകഴ്ച
21 വി. മത്തായി ശ്ലീഹാ
27 വി. വിൻസെന്റ് ഡി പോൾ
29 പ്രധാന മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ
30 വി. ജെറോം

## P.W.A

*P.W.A. 2/2026* **PWA Meeting**

There will be a PWA meeting after the study forum on 29th September 2026.

*PWA Secretary*

## Jeevajyothi Mission Utkela, Odisha

*OM 25/2026* **മിഷന് സാമ്പത്തിക സഹായം നല്കിയവർ**

1. Mr. Paily K. K. ₹ 100000

*OM 26/2026* **സ്വാതന്ത്ര്യദിന – സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷം**

ജീവ ഭവനിൽ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് രാവിലെ ആഘോഷമായ വി. കുർബാന അർപ്പിച്ചു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പതാക ഉയർത്തി. ട്യൂ

ഷൻ പഠിക്കുന്ന കുട്ടികൾക്കായി സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിവിധ തരം മത്സരങ്ങൾ വൈകുന്നേരം നടത്തപ്പെട്ടു.

## മൈനർ സെമിനാരി

*MS 12 /2026* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Daisy M Thomas | ₹ | 1000 |
| 2 | Francis Thomas | ₹ | 3000 |
| 3 | Jerin Jose | ₹ | 10,000 |
| 4 | Sebastian Joseph | ₹ | 2000 |
| 5 | George Joseph | ₹ | 1000 |
| 6 | One Benefactor | ₹ | 25,000 |
| 7 | One Benefactor | ₹ | 10,000 |
| 8 | Robins Joseph | ₹ | 25,000 |
| 9 | Donna, Maria Mathew | ₹ | 6000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

## വിജ്ഞാനഭവൻ

*V. 85/2026* **ലോഗോസ് ക്വിസ്, രൂപതാതലം: 2026 സെപ്റ്റംബർ 27 ഞായർ സമയം 2.00 pm – 3.30 pm**

നമ്മുടെ രൂപതയിൽ 21504 പേരാണ് ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരെ അതിനായി പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും അഭിനന്ദനങ്ങൾ. എല്ലാവരും പരീക്ഷയ്ക്ക് നന്നായി ഒരുങ്ങണമെന്ന് ഓർമ്മിപ്പിക്കുകയും വിജയാശംസകൾ നേരുകയും ചെയ്യുന്നു.

ചോദ്യപേപ്പറും, ഉത്തരക്കടലാസ്സും, ലിസ്റ്റും സെപ്റ്റംബർ 26-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്. ഹാൾ ടിക്കറ്റുകൾ സെപ്റ്റംബർ 16 മുതൽ സൈറ്റിൽനിന്ന് എടുക്കാവുന്നതാണ്.

പരീക്ഷാ പേപ്പറിൽ രജിസ്റ്റർ നമ്പറും പേരും കൃത്യമായി എഴുതേണ്ട താണ്.

**ഉത്തരക്കടലാസുകൾ ലിസ്റ്റിലെ (A, B, C, D, E, F വിഭാഗം തിരിച്ച്) പേരിന്റെ ക്രമമനുസരിച്ച് അടുക്കി വിജ്ഞാനഭവനിൽ നിന്നും തന്നിരിക്കുന്ന ലിസ്റ്റും വച്ച് സെപ്റ്റംബർ 28-ന് വൈകുന്നേരം 3.00 മണിക്ക് മുമ്പായി** മേഖലാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. നേരത്തെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ആരുടെയും പേപ്പറുകൾ സ്വീക രിക്കുന്നതല്ല.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1 പരീക്ഷ കൃത്യസമയത്ത് തന്നെ എല്ലാ സെന്ററുകളിലും നട ത്തണം.

2 ഉത്തരക്കടലാസുകൾ പേന ഉപയോഗിച്ച് അടയാളപ്പെടുത്തണം. പെൻസിൽ ഉപയോഗിക്കാൻ പാടില്ല.

3 വ്യത്യസ്ത നിറത്തിലുള്ള ഉത്തരക്കടലാസ്സുകളായിരിക്കും ലഭിക്കു ക. ഏതെങ്കിലും ഗ്രൂപ്പിൽ ഉത്തരക്കടലാസ്സുകൾ തികയാതെ വന്നാൽ മറ്റു ഗ്രൂപ്പുകളിലെ ഉത്തരക്കടലാസ്സുകൾ ഉപയോഗിക്കാവുന്നാണ്. ഉത്തരക്കടലാസ്സിന്റെ മുകളിൽ ഗ്രൂപ്പ് തിരുത്തി എഴുതണം.

4 A, B പ്രായവിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഒരേ ചോദ്യപേപ്പ റുകൾ ആയിരിക്കും.

5 പരീക്ഷ എഴുതാത്തവരുടെ പേരിന് നേരെ 'A' എന്ന് ലിസ്റ്റിൽ രേഖപ്പെടുത്തണം.

6 രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷ എഴുതാൻ അനുവദിക്കരു ത്. Absent ആയവർക്കുപകരം വേറെ പേരുകൾ എഴുതിച്ചേർത്താൽ സാധുവായിരിക്കില്ല. അവരുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കു ന്നതല്ല.

7 ഉത്തരക്കടലാസ്സിൽ രണ്ട് സ്ഥലത്ത് മാർക്ക് ചെയ്താൽ അത് പരി ഗണിക്കുന്നതല്ല.

*V. 86/2026* **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11-ന്**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11 ഞായ റാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

NB: പാഠ്യപദ്ധതി പേജ് 50-51 പരിശോധിക്കുക. ഉപപാഠപുസ്തക ത്തിന്റെ പഠനഭാഗം പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പൊതു വിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

ചോദ്യപേപ്പറുകൾ ഒക്ടോബർ 10-ാം തീയതി മേഖലാകേന്ദ്ര ങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

പരീക്ഷാ സമയം:

| | |
|---|---|
| Std. I - IX Classes | 11.00 am -1.00 pm |
| Std X, XI, XII Classes | 2.00 pm - 4.00 pm |

NB. 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

## Viva Exam - 10 Mark

കുട്ടികൾ നമസ്കാരങ്ങൾ ഹൃദിസ്ഥമാക്കുക എന്ന ലക്ഷ്യ ത്തോടെയാണല്ലോ വൈവ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലക്ഷ്യം നടപ്പിൽ വരുത്തുവാൻ അധ്യാപകർ സഹകരിക്കുമല്ലോ. ഓരോ സെമ സ്റ്ററിലെയും പരീക്ഷകൾക്ക് മുമ്പുള്ള രണ്ടോ മൂന്നോ ഞായറാഴ്ച കൾ ഇടവകയിലെ കുട്ടികളുടെ എണ്ണമനുസരിച്ച് വൈവയ്ക്കായി ക്രമീ കരിക്കുക. പാഠ്യപദ്ധതിയനുസരിച്ച് ഓരോ സെമസ്റ്ററിലും പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന നമസ്കാരങ്ങളാണ് വൈവയിൽ ചോദിക്കേണ്ടത്. ഇവയിൽ നിന്നും കുറഞ്ഞത് 4 എണ്ണമെങ്കിലും ചോദിക്കേണ്ടതാണ്. 10 മാർക്കായിരിക്കും വൈവയ്ക്ക് ഉള്ളത്. പഠിക്കാത്തവർക്ക് വീണ്ടും അവസരം കൊടുത്ത് പഠിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## Family Catechism Hour Activity Book (FCA) - 10 Mark

FCA ഓരോ ആഴ്ചയും കുട്ടികൾ പൂർത്തിയാക്കുന്നതിന് 10 മാർക്ക് വീതം നൽകുന്നുണ്ടല്ലോ. അങ്ങനെ ഓരോ സെമസ്റ്ററിലും ആകെ കുട്ടികൾക്ക് കിട്ടിയ FCA മാർക്കിന്റെ ശതമാനം എടുത്ത് സെമസ്റ്റർ എക്സാമിൽ കുട്ടികൾക്ക് മാക്സിമം 10 മാർക്കും അതിനു താഴെയും നൽകാവുന്നതാണ്.

## *V. 87/2026* Jesus Kids 2026-27 Offline Programme

ജീസസ് കിഡ്സ് കുട്ടികളുടെ ആദ്യ ഓഫ് ലൈൻ പ്രോഗ്രാം സെപ്റ്റംബർ 5-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4.30

വരെ മൂവാറ്റുപുഴ നിർമ്മല MCA കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ജീസസ് കിഡ്സ് കുട്ടികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

## *V. 88/2026* വിശ്വാസപരിശീലകരുടെ ക്വിസ് മത്സരം, രൂപതാതലം

രണ്ടു തലങ്ങളായി നടക്കുന്ന ക്വിസ് മത്സരത്തിന് ഇടവകതല ത്തിൽ 50 ചോദ്യങ്ങൾ ഉള്ള ചോദ്യപേപ്പറായിരിക്കും നൽകുക. രൂപ താതലത്തിൽ വിവിധ റൗണ്ടുകളായിട്ടായിരിക്കും മത്സരം നടത്തുന്നത്. ഇടവകതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരാണ് രൂപ താതലത്തിൽ ടീമായി പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്ന ടീമിൽ ഒരാൾ അല്മായൻ ആയിരിക്കണം.

പഠനഭാഗം:

1. **സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (P. 66-124) (Question Bank)**
2. **ലോഗോസ് ബൈബിൾ പഠനഭാഗം (യോഹ. 1 –12)**
3. **(Ad Gentes)Decree of II Vatican Council on the Mission of the Church (Question Bank)**
4. **പൊതുവിജ്ഞാനം (Question Bank)**
5. **ധന്യൻ ജോസഫ് പഞ്ഞിക്കാരൻ (Question Bank)**

**ചോദ്യങ്ങളുടെ മാതൃക.**

| | | |
|---|---|---|
| **ആകെ മാർക്ക്** | – | **50** |
| ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുക്കുക | – | 10 |
| ഉചിതമായത് പൂരിപ്പിക്കുക | – | 10 |
| ഒറ്റവാക്കിൽ ഉത്തരമെഴുതുക | – | 10 |
| ചേരുംപടി ചേർക്കുക | – | 5 |
| ബൈബിൾ (യോഹ. 1–12 അധ്യായങ്ങൾ) | – | 5 |
| ഒരു വാക്യത്തിൽ ഉത്തരമെഴുതുക | – | 10 |

50–ൽ 10 മാർക്കിന്റെ ചോദ്യം പൊതുവിജ്ഞാനമായിരിക്കും.

**ഇടവകതലം : 2026 ഒക്ടോബർ 25 ഞായർ**
**സമയം : 12.00 noon - 1.00 pm** (അതാത് ഇടവകകളിൽ).
**രൂപതാതലം : 2026 ഡിസംബർ 12 ശനി**

**സമയം : 10.00 am**
**സ്ഥലം : Nirmala Public School, Muvattupuzha**

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസും വിജയികളായവരുടെ പേരും, നവംബർ 2-ാം തീയതി മേഖലാകേന്ദ്ര ത്തിൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ മറ്റുദിവസങ്ങളിലും എത്തി ക്കാവുന്നതാണ്.

*V. 89/2026* **പ്രൈവറ്റ് രജിസ്ട്രേഷൻ**

XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവർ മൂവാറ്റുപുഴ നെസ്റ്റിൽ സ്റ്റേ ചെയ്ത് സെപ്റ്റംബർ 11, 12 തീയതികളിലായി നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സിൽ നിർബന്ധമായും പങ്കെടുക്കേണ്ട താണെന്ന കാര്യം ബഹു. ഹെഡ്മാസ്റ്റർമാർ കുട്ടികളെ മുൻകൂട്ടി അറി യിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI-XII - 2026 സെപ്റ്റംബർ 11 വെള്ളി 5 pm മുതൽ 12 ശനി 5 pm വരെ.

സ്ഥലം : NESTT മൂവാറ്റുപുഴ

NB: രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

കോൺടാക്റ്റ് ക്ലാസ്സിൽ വരുമ്പോൾ വിശുദ്ധ ബൈബിൾ, പാഠപുസ്തകം, ഉപപാഠപുസ്തകം, ചെറിയവേദോപദേശം, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം

*V. 90/2026* **Mission Quest Online**

കുട്ടികളെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാനും, സഭയെക്കുറിച്ചും വിശുദ്ധരെക്കുറിച്ചും മിഷനെക്കുറിച്ചും കൂടുതലായി പഠിക്കുവാനും വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുട്ടികൾക്കായി സംഘടിപ്പിക്കുന്നതാണ്.

**ഇടവകതലം**

രൂപതാകേന്ദ്രത്തിൽനിന്നു നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് ഇടവക തലത്തിൽ ഒക്ടോബർ 25-ാം തീയതിയാണ് ക്വിസ് നട ത്തുന്നത്. (7-12 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും പങ്കെ

ടുക്കണം) മുഴുവൻ കുട്ടികളുടെയും Answer Sheet മൂല്യനിർണയത്തിന് ശേഷം രൂപതയിൽ ഏൽപിക്കേണ്ടതാണ്. ഈ കുട്ടികളുടെ ആനുപാതികം അനുസരിച്ച് മാർക്ക് ഇടവകകയ്ക്ക് നൽകുന്നതായിരിക്കും.

**രൂപതാതലം**

**തീയതി: നവംബർ 1 സമയം: 9.30-1.30 വരെ**

**സ്ഥലം: നിർമ്മല പബ്ലിക് സ്കൂൾ മൂവാറ്റുപുഴ**

രൂപതാ തലത്തിൽ കുട്ടികളെ 2 വിഭാഗങ്ങളിലായി ഉൾപ്പെടുത്തിയാണ് മത്സരം സംഘടിപ്പിക്കുന്നത്.

| | | |
|---|---|---|
| Category I | - | Class 7, 8, 9 |
| Category II | - | Class 10, 11, 12 |

(ഇരുവിഭാഗത്തിലും ഒന്നാം സ്ഥാനം നേടുന്ന ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ഉൾപ്പെടുന്ന ടീമാണ് രൂപതാതല മത്സരത്തിൽ പങ്കെടുക്കേണ്ടത്)

**സംസ്ഥാനതലം - ഓൺലൈൻ**

**തീയതി: ഡിസംബർ 6 ഞായർ, സമയം : 6.00 pm**

സംസ്ഥാന ഓൺലൈൻ മത്സരത്തിൽ ഏറ്റവും കൂടുതൽ ആൾക്കാരെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് A, B, C category തിരിച്ച് സമ്മാനം ഉണ്ടായിരിക്കുന്നതും കുട്ടികളുടെ ഗണത്തിൽ Sunday School Evaluation സമയത്ത് എണ്ണമനുസരിച്ച് grace mark ലഭിക്കുന്നതുമായിരിക്കും.

സംസ്ഥാനതലം മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

1) **ജൂനിയേഴ്സ്** (20 വയസ്സ് താഴെ - 6th ഡിസംബർ 2006 നു ശേഷം ജനിച്ചവർ)

2) **അഡൾട്ട്സ്** (21-40 വയസ്സിനും ഇടയിൽ - 6th ഡിസംബർ 1986 നു ശേഷവും 5th ഡിസംബർ 2006 നു മുൻപും ജനിച്ചവർ)

3) **സീനിയേഴ്സ്** (41 വയസ്സിന് മുകളിൽ - 6th ഡിസംബർ 1986 നു മുൻപ് ജനിച്ചവർ). ഓരോ വിഭാഗത്തിനും വ്യത്യസ്തമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**പാഠഭാഗങ്ങളും മാർക്ക് വിഭജനവും**

ബൈബിൾ: വി. യോഹന്നാന്റെ സുവിശേഷം (1-12 അധ്യായങ്ങൾ) (ഈശോയുടെ മിഷൻ പ്രവർത്തനങ്ങൾ) - 25%

മിഷൻ: ആദ് ജെന്തസ് (AD GENTES ) Deceree of II Vatican Council on the Mission of the Church- 30% **Question Bank**

മതബോധനം: സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം: അധ്യായം 4, 5 (പേജ് 66-124) - 30 % **Question Bank**

പൊതുവിജ്ഞാനം: **Question Bank**

ധന്യൻ ജോസഫ് പഞ്ഞിക്കാരൻ: **Question Bank**

*V. 91/2026* **ഓർഡർ ഫോം**

സൺഡേ സ്കൂൾ, FCA, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ ഒക്ടോബർ 10-ാം തീയതിയ്ക്കകം സൈറ്റിൽ Enter ചെയ്യേണ്ടതാണ്. പ്രിന്റ് വിജ്ഞാനഭവൻ ഓഫീസിൽ എടുക്കുന്നതാണ്. ഒരു കോപ്പി അതാത് സൺഡേ സ്കൂൾ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

*Director*

## Corporate Educational Agency

*Edn.21/2026* **അധ്യാപക സെമിനാർ**

ഈ വർഷത്തെ അധ്യാപക സെമിനാർ സെപ്റ്റംബർ മാസം അഞ്ചാം തീയതി വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്.

*Edn.22/2026* **School Maintenance Fund-July- August 2026**

| Date | School Name | Credit | Debit |
|---|---|---|---|
| 29/07/2026 | Oonnukal | | 2050000 |
| 31/07/2026 | SJ UPS Kaloor | 21736 | |
| 01/08/2026 | SA HS Kuninji | 7706 | |
| 01/08/2026 | SG UPS Udumbannoor | 40148 | |
| 01/08/2026 | SG UPS Pooyamkutty | 6960 | |
| 01/08/2026 | SM HSS Kaliyar | 30170 | |
| 03/08/ 2026 | Nadukani | | 100000 |

| | | |
|---|---|---|
| 04/08/2026 | LF UPS Nediakad | 4052 |
| 05/08/2026 | SG UPS Kallanickal | 26128 |
| 05/08/2026 | SM LPS Kaliyar | 36084 |
| 07/08/2026 | LF LPS Muvattupuzha | 17720 |
| 07/08/2026 | SJ HS Velielchal | 55020 |
| 08/08/226 | SG UPS Muthalakodam | 36868 |
| 11/08/2026 | SJ LPS Njarakkad | 10944 |
| 11/08/2026 | MM UPS Meenmutty | 9836 |
| 14/08/2026 | J LPS Vettampara | 3084 |
| 14/08/2026 | SR LPS Thekkummala | 2056 |
| 18/08/2026 | SM UPS Nediasala | 13938 |
| 22/08/2026 | SG HS Muthalakodam | 17320 |
| 22/08/2026 | HF LPS Karimannoor | 6874 |
| 22/08/2026 | SM HS Nakapuzha | 14472 |
| 22/08/2026 | SG HSS Muthalakodam | 57048 |
| 22/08/2026 | SM HS Ayavana | 26972 |
| 22/08/2026 | SM HSS Arakuzha | 80830 |
| 22/08/2026 | SG HSS Kothamangalam | 33816 |
| 22/08/2026 | SG UPS Thottakkara | 3722 |
| 22/08/2026 | FM UPS Malippara | 10016 |
| 22/08/2026 | SJ HS Karimannoor | 47112 |
| 22/08/2026 | LF LPS Oonnukal | 24636 |
| 22/08/2026 | SJ HSS Karimannoor | 83126 |
| 29/08/2026 | SH LPS Ayavana | 10444 |

*Secretary*

## Nirmala Civil Service Academy

*NiCSA.32 /2026* **MCP Batch**

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ 2027 ൽ നടക്കാനിരിക്കുന്ന സിവിൽ സർവീസ് പരീക്ഷയ്ക്ക് ഒരുക്കമായുള്ള

കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ തുടരുന്നു. ഡിഗ്രി/പിജി കഴിഞ്ഞ വിദ്യാർത്ഥികൾക്കു രജിസ്റ്റർ ചെയ്യാവുന്നതാണ്.

*NiCSA.33 /2026* **കോളേജ് വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ**

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ ഡിഗ്രി/പിജി പഠിക്കുന്ന വിദ്യാർഥികൾക്കായി നടക്കുന്ന സിവിൽ സർവീസ് പരിശീലന കോഴ്സിലേക്കുള്ള (ഫൗണ്ടേഷൻ കോഴ്സ്) സ്കോളർഷിപ്പ് പരീക്ഷ ജൂലൈ മാസത്തിൽ നടത്തി. കോളേജ് പഠനത്തോടൊപ്പം തന്നെ സിവിൽ സർവീസ് എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർഥികളെ അടുപ്പിക്കുകയും കോളേജ് പഠനം പൂർത്തിയാകുമ്പോൾ തന്നെ ഒരു ഗവൺമെന്റ് സർവീസ് എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർഥികളെ എത്തിക്കുകയും ആണ് ഫൗണ്ടേഷൻ കോഴ്സ് ലക്ഷ്യമിടുന്നത്. എല്ലാ ഞായറാഴ്ച ദിവസങ്ങളിലും രാവിലെ 9. 30 മുതൽ വൈകിട്ട് 4.30 വരെയാണ് ക്ലാസ്സുകൾ നടക്കുന്നത്.

*NiCSA.34 /2026* **സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു**

സമഗ്ര വ്യക്തിത്വ വികസനവും സിവിൽ സർവീസ് ഓറിയന്റേഷനും ലക്ഷ്യം വച്ചുകൊണ്ട് 8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കായി ഫണ്ടമെന്റൽസ് കോഴ്സ്, 5 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്കായി നിർമ്മല കിഡ്സ് തുടങ്ങിയ പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു. സ്കൂൾ പഠനത്തോടൊപ്പം തന്നെ സിവിൽ സർവീസ് എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർഥികളെ അടുപ്പിക്കുക എന്നതാണ് കുട്ടികൾക്കായുള്ള സിവിൽ സർവീസ് കോഴ്സുകൾ ലക്ഷ്യമിടുന്നത്. മാസത്തിലെ എല്ലാ രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും ആണ് ക്ലാസ്സുകൾ നടക്കുന്നത്. അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും ആയി Contact No: 9496065457, 7907119072.

*Administrator*

# സോഷ്യൽ സർവീസ്

## *SS. 51/2026* സ്വയം സഹായ സംഘം രൂപീകരണയോഗങ്ങൾ

സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി താഴെ പ്പറയുന്ന ഇടവകകളിൽ പ്രാഥമിക യോഗങ്ങൾ ചേർന്ന് SHG ബോധ വത്കരണ ക്ലാസ്സുകൾ നൽകി.

1 കലൂർ
2 തഴുവംകുന്ന്
3 ആയവന
4 മുള്ളരിങ്ങാട്

## *SS. 52/2026* SHG കൾ രൂപീകരിച്ചു

ഓഗസ്റ്റ് മാസത്തിൽ താഴെപ്പറയുന്ന ഇടവകകളിൽ പുതിയതായി സ്വയംസഹായസംഘങ്ങൾ രൂപീകരിച്ചു.

| | | | |
|---|---|---|---|
| 1 | മുടവൂർ | – | 1 |
| 2 | മാതിരപ്പിള്ളി | – | 3 |
| 3 | വാഴക്കുളം | – | 6 |
| 4 | കല്ലൂർക്കാട് | – | 1 |
| 5 | കീരംപാറ | – | 2 |

## *SS. 53/2026* സന്നദ്ധപ്രവർത്തക നേതൃയോഗം ചേർന്നു

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി സന്നദ്ധ പ്രവർത്തനസംഗമം ചേർന്നു. രൂപതയിൽ സാമൂഹ്യ സേവനം നടത്തുന്ന സന്യസ്തസഭകളുടെയും സ്ഥാപനങ്ങളുടെയും സംഗമം ബിഷപ്സ് ഹൗസിൽ ചേർന്നു. അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു.

## *SS. 54/2026* ചികിത്സാ സഹായം നൽകി

2026 ജൂലൈ 20 മുതൽ ഓഗസ്റ്റ് 20 വരെ ആശാകിരണം കാൻസർ സുരക്ഷാപദ്ധതി പ്രകാരം 66,000 /– രൂപയും മറ്റ് ചികിത്സകൾക്കായി 51,800/– രൂപയും ഉൾപ്പെടെ ആകെ 1,17,800 /– രൂപ വിവിധ വ്യക്തികൾക്ക് ചികിത്സാ സഹായമായി നൽകുകയുണ്ടായി.

*SS. 55/2026* **ഭവന നിർമ്മാണ സഹായം**

മാർ മാത്യു പോത്തനാമുഴി ഹൗസിംഗ് പ്രോജക്ട് വഴി നെടുങ്ങപ്ര, നെടിയകാട്, കരിമണ്ണൂർ എന്നീ ഇടവകകളിൽ 5 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം നൽകുകയുണ്ടായി.

*SS. 56/2026* **സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻ**

KSSS-ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻന്റെ ഭാഗമായുള്ള ലഹരി വിരുദ്ധ മാജിക്കൽ ബോധവൽക്കരണ പരിപാടി താഴെ പറയുന്ന സ്കൂളുകളിൽ നടത്തി.

1. കലയന്താനി, സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ
2. തൊടുപുഴ, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
3. പോത്താനിക്കാട്, സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ
4. കുണിഞ്ഞി, സെന്റ് ആന്റണീസ് സ്കൂൾ
5. ആരക്കുഴ, സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ

*SS. 57/2026* **വിദ്യാഭ്യാസ വായ്പ - അപേക്ഷകൾ ക്ഷണിച്ചു**

കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായസംഘങ്ങളിലെ അംഗങ്ങളുടെ മക്കൾക്ക് ഉപരി പഠനം നടത്തുന്നതിന് പലിശ രഹിത വായ്പ ലഭ്യമാക്കുന്നു. ഇതിനുള്ള അപേക്ഷകൾ ക്ഷണിച്ചു.

*Director*

## തിരുബാലസഖ്യം

*HC. 8/2026* **തിരുബാലസഖ്യ മത്സരങ്ങൾ**

തിരുബാലസഖ്യ മത്സരങ്ങൾ കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ എന്നീ മൂന്ന് റീജിയണുകളിലായി 08-08-2026 ശനിയാഴ്ച നടത്തപ്പെട്ടു. മൂന്നു റീജിയണുകളിലും മത്സരങ്ങൾ ഭംഗിയായി നടത്തുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ബഹു. ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനെയും മറ്റ് സഹായ സഹക

രണങ്ങൾ നൽകിയ എല്ലാ പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു. പങ്കെടുത്ത കുഞ്ഞുങ്ങളെയും അവരെ ഒരുക്കിക്കൊണ്ടുവന്ന മാതാപിതാക്കളെയും അഭിനന്ദിക്കുന്നു.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 71/2026* **മേഖല സാഹിത്യമത്സരം**

മേഖല സാഹിത്യ മത്സരം രൂപതയുടെ എട്ട് മേഖലാ കേന്ദ്രങ്ങളിലായി ആഗസ്റ്റ് 01-ാം തീയതി നടത്തപ്പെട്ടു.

*CML 72/2026* **കുഞ്ഞേട്ടൻ അനുസ്മരണം, സംസ്ഥാന മാനേജിംഗ് കമ്മിറ്റി**

ആഗസ്റ്റ് 08-ാം തീയതി ചെമ്മലമറ്റത്ത് വച്ച് നടന്ന സംസ്ഥാന തല കുഞ്ഞേട്ടൻ അനുസ്മരണത്തിലും മാനേജിംഗ് കമ്മിറ്റിയിലും രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

രൂപതാ തല കുഞ്ഞേട്ടൻ അനുസ്മരണം ആഗസ്റ്റ് 14-ാം തീയതി 'നക്ഷത്ര തിളക്കത്തിൽ കുഞ്ഞേട്ടൻ' എന്ന പേരിൽ നടത്തപ്പെട്ടു.

*CML 73/2026* **രൂപതാ സാഹിത്യ മത്സരം, ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

രൂപതാ സാഹിത്യ മത്സരവും ശാഖമേഖല ജോയിന്റ് ഡയറക്ടർമാരുടെ മീറ്റിംഗും ആഗസ്റ്റ് 22-ാം തീയതി മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

*CML 74/2026* **GEMS 3.0 സെലക്ഷൻ ക്യാമ്പ്**

GEMS 3.0 രൂപതാ തല സെലക്ഷൻ ക്യാമ്പ് ആഗസ്റ്റ് 24-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. രൂപതയിലെ ഓരോ ഇടവകയിലും നിന്ന് തെരഞ്ഞെടുക്കപ്പെട്ട 04 കുട്ടികൾ വീതം (2 ആൺ, 2 പെൺ) പ്രസ്തുത സെലക്ഷൻ ക്യാമ്പിൽ പങ്കെടുത്തു.

**CML 75/2026 രൂപതാമേഖലാ സെൻട്രൽ മീറ്റിംഗ്**

ആഗസ്റ്റ് 24-ാം തീയതി രൂപതാ തലത്തിൽ മേഖലാ ഡയറക്ടർ, അസി. ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ യോഗം മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ചേർന്നു.

**CML 76/2026 മേഖല കലോത്സവം**

2026-27 പ്രവർത്തന വർഷത്തെ മേഖല കലോത്സവം ആഗസ്റ്റ് 28-ാം തീയതി അതാത് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു.

**CML 77/2026 മാലിപ്പറമ്പിൽ അനുസ്മരണം**

സംസ്ഥാന തല മാലിപ്പറമ്പിൽ അനുസ്മരണം സെപ്റ്റംബർ 12-ാം തീയതി ആർപ്പൂക്കരയിൽ വച്ച് നടക്കുന്നു.

ശാഖാ മേഖലാ തലത്തിൽ മാലിപ്പറമ്പിൽ അനുസ്മരണം നടത്തുവാനും ഡയറക്ടർ അച്ചന്മാർക്കും അസി. ഡയറക്ടർ അച്ചന്മാർക്കും ആശംസകൾ നേരുവാനും ഓർക്കുമല്ലോ.

**CML 78/2026 GEMS 3.0 പ്രഥമ ക്യാമ്പ്**

GEMS 3.0 യുടെ പ്രഥമ ക്യാമ്പ് സെപ്റ്റംബർ 20, 21 തീയതികളിലായി നടത്തപ്പെടുന്നു.

**CML 79/2026 സംസ്ഥാന സാഹിത്യ മത്സരം**

സംസ്ഥാന സാഹിത്യ മത്സരം സെപ്റ്റംബർ 21-ാം തീയതി മൂവാറ്റുപുഴ ലിറ്റിൽ ഫ്ളവർ എൽ.പി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

**CML 80/2026 രൂപതാ കലോത്സവം**

ഈ വർഷത്തെ രൂപതാ കലോത്സവം ഒക്ടോബർ 2-ാം തീയതി നടത്തപ്പെടുന്നു.

വിവിധ മത്സരയിനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് കഴിഞ്ഞ വർഷം ആരംഭിച്ച 'മാർ ജോർജ്ജ് പുന്നക്കോട്ടിൽ നവതി എൻഡോവ്മെന്റ്' ക്യാഷ് അവാർഡും ഉണ്ടായിരിക്കുന്നതാണ്.

*Director*

## കെ.സി.എസ്.എൽ

*KCSL.14/2026* **രൂപത സാഹിത്യോത്സവം**

ഈ അധ്യയന വർഷത്തെ രൂപത സാഹിത്യോത്സവം സെപ്റ്റംബർ നാലാം തീയതി മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടക്കുന്നു. മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ വെബ്സൈറ്റ് വഴി ആരംഭിച്ചു.

*KCSL.15/2026* **എക്സലൻസ് അവാർഡ് 2026**

KCSL ശതാബ്ദിയോടനുബന്ധിച്ച് രൂപതാതലത്തിൽ ആരംഭിച്ച എക്സലൻസ് അവാർഡ് 2026 മത്സരം സെപ്റ്റംബർ 11, 12 തീയതികളിൽ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു.

*KCSL.16/2026* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് ഫൈനൽ**

മാറ്റിവച്ചിരുന്ന ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്സിന്റെ ഫൈനൽ റൗണ്ട് മത്സരം സെപ്റ്റംബർ 14 ന് മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടക്കും.

എല്ലാ മത്സരങ്ങൾക്കുമായി കുട്ടികൾ പ്രത്യേകമായി ഒരുങ്ങണം എന്ന് ഓർമ്മിപ്പിക്കുന്നു.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 25/2026* **ഫൊറോന കൺവെൻഷൻ**

ഫാമിലി അപ്പോസ്തലേറ്റ് കോതമംഗലം ഫൊറോന കൺവെൻഷൻ 2026 സെപ്തംബർ 6 ഞായർ ഉച്ചകഴിഞ്ഞ് 2 മണി മുതൽ കോതമംഗലം സെന്റ് ജോർജ്ജ് കത്തീഡ്രൽ പള്ളി ഹാളിൽ നടക്കും. കോതമംഗലം ഫൊറോനയിലെ പള്ളികളിൽ നിന്നും ഉള്ള എല്ലാ ഇടവക, വാർഡ് ഭാരവാഹികളും ആനിമേറ്റർ സിസ്റ്റർമാരും പങ്കെടുക്കും.

ഫാമിലി അപ്പോസ്റ്റലേറ്റ് മൈലക്കൊമ്പ് ഫൊറോന കൺവെൻഷൻ ആഗസ്റ്റ് രണ്ടാം തിയതി ഞായറാഴ്ച മൈലക്കൊമ്പ് സെന്റ് തോമസ് ബി എഡ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ഡി എഫ് സി സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ സി. എം. ഐ. കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും സമുദായ ശക്തീകരണം ദീപികയിലൂടെ എന്ന വിഷയത്തിൽ ക്ലാസ്സ് എടുക്കുകയും ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ജോർജ് വള്ളോംകുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്, ഫൊറോന പ്രസിഡന്റ് ജോഷി ജോർജ്ജ്, സി റാണി പുത്തൻപുരയ്ക്കൽ എസ് എച്ച്, സജി ജെയിംസ്, ജിജി നിജോ എന്നിവർ പ്രസംഗിച്ചു.

### *FA 26/2026* **രൂപത എക്സിക്യൂട്ടീവ് യോഗം**

ഫാമിലി അപ്പോസ്റ്റലേറ്റ് കോതമംഗലം രൂപത എക്സിക്യൂട്ടിവ് കമ്മിറ്റി ആഗസ്റ്റ് 5-ാം തിയതി മൂവാറ്റുപുഴ നെസ്റ്റിൽ യോഗം ചേർന്നു. ജൂബിലി ദമ്പതി സംഗമം, ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി. രൂപത സെക്രട്ടറി ജോളി കുമ്പാട്ട്, വൈസ് പ്രസിഡന്റ് റീന രാജീവ് എന്നിവർ പ്രസംഗിച്ചു.

### *FA 27/2026* **ജൂബിലി ദമ്പതി സംഗമം 2026**

വിവാഹ ജീവിതത്തിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതിമാരെ അനുമോദിക്കാനും ആശംസകൾ നേരുവാനും നടത്തുന്ന ജൂബിലി ദമ്പതി സംഗമം ഒക്ടോബർ 10 ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നു. ആയതിലേക്കുള്ള രജിസ്ട്രേഷൻ ഫോം സെപ്തംബർ 10 ന് മുൻപ് ഫാമിലി അപ്പോസ്റ്റലേറ്റ് ഭാരവാഹികൾ വഴി നെസ്റ്റിലെ ഓഫീസിൽ എത്തിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### *FA 28/2026* **ഇടവക ഭാരവാഹികൾ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഇടവക ഭാരവാഹികളായി നിലവിലുള്ള പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി,

ട്രഷർ എന്നിവരുടെ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ ഉൾക്കൊള്ളിച്ചുള്ള ലിസ്റ്റ് ഫൊറോന ഭാരവാഹികൾ വഴി ഒക്ടോബർ 10 നകം നെസ്റ്റിലെ ഓഫീസിൽ എത്തിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*FA 29/2026* **സമുദായ ശക്തീകരണ വർഷം**

സെപ്റ്റംബർ മാസത്തിൽ കുടുംബ കൂട്ടായ്മകളിൽ ചർച്ച ചെയ്യാനുള്ള വിഷയങ്ങൾ.

1. കുടുംബ കൂട്ടായ്മകൾ കൂടുതൽ സജീവവും ആകർഷകവും ആക്കാൻ എന്ത് നിർദ്ദേശങ്ങൾ ആണുള്ളത്?
2. നമ്മുടെ ഇടയിൽ സമുദായ സ്വത്വബോധം വളർത്താൻ കുടുംബക്കൂട്ടായ്മകൾ എന്ത് പുതുമ കൊണ്ടുവരണം?
3. ഇന്നത്തെ കാലത്ത് വിശ്വാസ ജീവിതത്തെ ദുർബലപ്പെടുത്തുന്ന പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്?

*FA 30/2026* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

| | | |
|---|---|---|
| 2026 | September | 3 - 5, 17 - 19 |
| | October | 1 - 3, 15 - 17 |

*Director*

## പ്രോലൈഫ്

*PL 6/2026* **പ്രോലൈഫ് പ്രോഗ്രാം**

ആരക്കുഴ, കലയന്താനി, തൊടുപുഴ, പോത്താനിക്കാട്, കുണിഞ്ഞി എന്നീ സ്കൂളുകളിൽ ലഹരി വിരുദ്ധ മാജിക് ഷോ അവതരിപ്പിച്ചു. യുപി, എച്ച്എസ്, പ്ലസ് ടു വിഭാഗങ്ങളിലായി രണ്ടായിരത്തോളം കുട്ടികൾ പങ്കെടുത്തു.

ജൂലൈ 27 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സീറോ മലബാർ സഭ ഫാമിലി, ലെയ്റ്റി, ലൈഫ് കമ്മീഷൻ മീറ്റിംഗിൽ സെക്രട്ടറി ജോയ്സ് മുക്കുടം പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

*Director*

# പിതൃവേദി

## *PV 13/2026* **പിതൃദിനാഘോഷം**

ജൂൺ മാസം 26-ാം തിയതി NESTT പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃദിനത്തോടനുബന്ധിച്ച് രൂപതാ പിതൃദിനാഘോഷം നടത്തി. ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് തുടങ്ങിയ മീറ്റിംഗിൽ നിർമ്മല മാതാ ഇടവകയിലെ ശ്രീ. ബിനോയി ജോർജിന്റെ ഈശ്വരപ്രാർത്ഥനയ്ക്ക് ശേഷം, ബഹുമാനപ്പെട്ട രൂപതാ ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം അച്ചന്റെ സ്വാഗതപ്രസംഗത്തോടെ മീറ്റിംഗ് ആരംഭിച്ചു. അച്ചൻ എല്ലാ ഇടവകയിലും പിതൃവേദി തുടങ്ങേണ്ട ആവശ്യകതയെപ്പറ്റി വിശദമായി സംസാരിച്ചു. രൂപതാ സെക്രട്ടറി ശ്രീ. ജിജി പോൾ രൂപത പിതൃവേദിയുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് രൂപതാ പ്രസിഡന്റ് പ്രൊഫ. ജോസ് എബ്രഹാം അദ്ധ്യക്ഷ പ്രസംഗം നടത്തി. പിതൃവേദിയുടെ വിശ്വാസപരവും കാരുണ്യപരവുമായ പ്രവർത്തനങ്ങളോടൊപ്പം മിഷൻ പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായി സംസാരിച്ചു. തുടർന്ന് ബിഷപ്പ് എമിരറ്റസ് മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് ഉദ്ഘാടനപ്രസംഗം നടത്തി. ശ്രീ. റെന്നി സെബാസ്റ്റ്യൻ ഗാനം ആലപിച്ചു.

ബഹു. മനു പൊട്ടനാനിയിൽ MSTഅച്ചൻ ഇന്നത്തെ ലോകത്ത് മക്കൾക്ക് അനുഭവപ്പെടുന്ന വിഷമസന്ധികളെപ്പറ്റിയും അവരെ എങ്ങിനെ ചേർത്തു നിർത്താം എന്നതിനെപ്പറ്റിയും വിശദമായി സംസാരിച്ചു. തുടർന്ന് വാഴക്കുളം, കാവക്കാട്, വിജ്ഞാനമാതാ എന്നീ ഇടവകകളിലെ പ്രവർത്തനങ്ങൾ അതാതു ഇടവക പ്രസിഡന്റുമാർ വിശദീകരിച്ചു. രൂപതാ ട്രഷറർ ശ്രീ. ബിജു ജോയിയുടെ നന്ദി പ്രകാശത്തിനുശേഷം സ്നേഹവിരുന്നോടെ യോഗം പര്യവസാനിച്ചു.

പിതൃവേദിയുടെ പിതൃദിനാഘോഷം ഏറ്റവും ഭംഗിയായി നടത്താൻ എല്ലാവിധ സഹായ സഹകരണങ്ങളും നേതൃത്വവും നൽകിയ എല്ലാവർക്കും ഏറ്റവും സ്നേഹത്തോടെ നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

*Director*

## മാതൃവേദി

### *MV 14/2026* രൂപതാ കമ്മിറ്റി

01-08-2026 ശനിയാഴ്ച രൂപത തലത്തിൽ റമ്പാൻ പാട്ട് മത്സരം നടത്തി. ഫൊറോന തലത്തിൽ ഫസ്റ്റ് കിട്ടിയ ടീമാണ് രൂപതയിൽ മ ത്സരിച്ചത്. 10 ഫൊറോനകളിൽ നിന്നായി 70 അമ്മമാർ മത്സരത്തിൽ പങ്കെടുത്തു.

1st തൊടുപുഴ ഫൊറോന കല്ലാനിക്കൽ യൂണിറ്റ്

2nd കരിമണ്ണൂർ ഫൊറോന മുളപ്പുറം യൂണിറ്റ്

3rd കോതമംഗലം ഫൊറോന നെല്ലിമറ്റം യൂണിറ്റ്

എന്നിവർ കരസ്ഥമാക്കി.

04-08-2026-ൽ ഉണർവ് വാർഷികം, പുതിയ ബാച്ചിന്റെ ഉദ്ഘാ ടനം ഇവ നടന്നു. പ്രസിഡന്റ് ജാൻസി മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ആന്റണി അച്ചൻ മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ റവ. മോൺ. കുര്യാക്കോസ് കൊടകല്ലിൽ ഉദ്ഘാട നവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. മാതാപിതാക്കളുടെ വിവി ധ കലാപരിപാടികൾ ഉണ്ടായിരുന്നു. നൂറോളം അമ്മമാർ യോഗ ത്തിൽ പങ്കെടുത്തു

12-08-2026 -ൽ ആഗസ്റ്റ് മാസത്തെ രൂപത കമ്മിറ്റി കൂടി. ബൈ ബിൾ പകർത്തിയെഴുത്ത്, കയ്യെഴുത്തു മാസിക എന്നിവയെക്കുറിച്ച് അച്ചൻ വ്യക്തമായ നിർദ്ദേശങ്ങൾ നൽകി.

12-08-2026 ബുധനാഴ്ച യൂണിറ്റ് ആനിമേറ്റേഴ്സിന്റെയും, പ്രസി ഡന്റ്മാരുടെയും സംയുക്ത സമ്മേളനം നടന്നു. യോഗത്തിൽ രൂപത മുൻ ഭാരവാഹികൾ പങ്കെടുത്തു. രൂപതാ മുൻ ആനിമേറ്റേഴ്സിനെ ആ ദരിച്ചു. ഏകദേശം 180 പേർ യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ ജാൻസി മാത്യു അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് സെലിൻ ലൂയിസ് എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു, ഡയറക്ടർ ആന്റണി അച്ചൻ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ആനിമേ

റ്റർ സി. ആനി തെരേസ് ആശംസകൾ അർപ്പിച്ചു. സിജി ജോമി എല്ലാവർക്കും നന്ദി പറഞ്ഞു. ജൂഡി ഡാലു, മിനി ജോസ്, പ്രീത ജോണിച്ചൻ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

*Director*

## യൂദിത്ത് മിനിസ്ട്രി

*JM 9/2026* **യൂദിത്ത് നവോമി ഫോറം ഏകദിന കൺവെൻഷൻ**

2026 ഒക്ടോബർ 6 ചൊവ്വാഴ്ച നെസ്റ്റിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തുന്നതായിരിക്കും. 9:30 am ന് രജിസ്ട്രേഷൻ ആരംഭിക്കും. രാവിലെ 10 മണിക്ക് വിശുദ്ധ കുർബാന, വചനപ്രഘോഷണം ആരാധന എന്നിവ ഉണ്ടായിരിക്കും. ഉച്ചകഴിഞ്ഞ് ഒന്നരയ്ക്ക് മത്സരങ്ങൾ ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3:30 pm ന് സമാപിക്കും.

**മത്സരങ്ങൾ:**

1. ബൈബിളിലെ പുസ്തക നാമ മത്സരം. (ഉല്പത്തി മുതൽ വെളിപാട് വരെയുള്ള 73 പുസ്തകങ്ങൾ ക്രമത്തിൽ എഴുതണം. സമയം: 30 മിനിറ്റ്)
2. ടാബ്ലോ (നിശ്ചല ദൃശ്യം)

**നിബന്ധനകൾ:**

ടാബ്ലോ തികച്ചും ബൈബിൾ അധിഷ്ഠിതമായിരിക്കണം.

- പങ്കെടുക്കുന്നവർ മൂന്നിൽ കുറയാനും ഏഴിൽ കൂടാനും പാടില്ല.
- ടാബ്ലോ പ്രസന്റേഷൻ
  1 മിനിറ്റ്
  സെറ്റിംഗിന് 5 മിനിറ്റ്
  റീസെറ്റിംഗിന് 1 മിനിറ്റ്. അങ്ങനെ ആകെ 7 മിനിറ്റ്.
- പുറമേ നിന്ന് കമന്ററി ഓഡിയോ ആയോ സംഭാഷണം ആയോ നടത്താവുന്നതാണ്.
- അനുയോജ്യമായ വസ്ത്രധാരണവും, വസ്തുക്കളും ഉപയോഗിക്കാവുന്നതുമാണ്.

- ടാബ്ലോ മത്സരം ഒരു ഫൊറോനയ്ക്ക് ഒരു ടീം മാത്രം.

താല്പര്യമുള്ളവർ മത്സരത്തിൽ പങ്കെടുക്കാൻ രൂപത, ഫൊറോന പ്രസിഡന്റുമാരുടെ കയ്യിൽ സെപ്റ്റംബർ 20 -നകം പേര് കൊടുക്കണം.

*JM 9/2026* **പുതിയ രൂപത ഭാരവാഹികൾ ചാർജ് എടുത്തു**

**Judith - Naomi Forum Office Bearers 2026 - '28**

| | | | |
|---|---|---|---|
| President | - | K.V. Molly, Velielchal | Ph. 9072393232 |
| Vice President | - | Lissy Sebastian, Muthalakodam | Ph. 7902583550 |
| Secretary | - | Rani K, Vazhakulam | Ph. 9562231714 |
| Joint Secretary | - | Celine Joy, Anicadu | Ph. 7025516572 |
| Treasurer | - | Kameela Joshy, Kothamangalam | Ph. 9656688637 |

*Director*

## മദ്യവിരുദ്ധ സമിതി

*MVS 16/2026* **അനധികൃത കള്ള് ഷാപ്പിനെതിരെ പ്രതിഷേധ സംഗമം**

വാരപ്പെട്ടി മൈലൂർത്തടത്ത് ജനവാസ മേഖലയിൽ ആരംഭിച്ച അനധികൃത കള്ള് ഷാപ്പ് നിറുത്തലാക്കണമെന്നാവശ്യപ്പെട്ട് കെ.സി.ബി.സി. മദ്യലഹരി വിരുദ്ധസമിതി കോതമംഗലം രൂപത കമ്മിറ്റിയും മദ്യവിരുദ്ധ ഏകോപനസമിതി താലൂക്ക് കമ്മിറ്റിയും ജനകീയ കൂട്ടായ്മയും ചേർന്ന് പ്രതിഷേധസംഗമം നടത്തി.

മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. വിൻസെന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ ഏകോപന സമിതി സംസ്ഥാന സെക്രട്ടറി ജെയിംസ് കോറമ്പേൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപത ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ മുഖ്യപ്രഭാഷണം നടത്തി. റീജിണൽ പ്രസിഡന്റ് ജോയി പടയാട്ടിൽ, ഫൊറോന പ്രസിഡന്റ് ബിജു വെട്ടിക്കുഴ, പ

ഞ്ചായത്ത് മെമ്പർ ഉമൈബ അഷ്റഫ്, സനിൽ രാജു, ജോൺ തോമസ്, ജിജു വറുഗീസ്, മാർട്ടിൻ കീഴേമാടൻ, സാബു കുരിശിങ്കൽ, സാജൻ അമ്പാട്ട്, കെ.വി. ഏണസ്റ്റ്, പീറ്റർ ഇടപ്പുളവൻ, ജോസ് ആന്റണി, സന്തോഷ് ഐസക്, കൃഷ്ണൻകുട്ടി ടി.എ, സനിൻ പി.എസ്. എന്നിവർ പ്രസംഗിച്ചു.

*MVS 17/2026* **മദ്യശാലകൾ: തീരുമാനം തദ്ദേശസ്ഥാപനങ്ങൾക്ക് വിട്ട് നൽകണം**

മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് അധികാരം നൽകുന്ന പഞ്ചായത്ത് നഗരപാലിക നിയമത്തിലെ 232, 447 വകുപ്പുകൾ മുൻഗവൺമെന്റ് റദ്ദാക്കിയിരുന്നു. ഇതിന്റെ മറവിൽ ജനവാസമേഖലയിലും ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, പൊതുശ്മശാനങ്ങൾ എന്നിവയുടെ സമീപം വരെ മദ്യശാലകൾ ആരംഭിക്കുന്ന സാഹചര്യം കേരളത്തിൽ സംജാതമായി. ഇത് അക്രമങ്ങൾക്കും നിരവധി സാമൂഹ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. അതിനാൽ 232, 447 വകുപ്പുകൾ പുനസ്ഥാപിക്കണമെന്ന് കെ.സി.ബി.സി. മദ്യലഹരി വിരുദ്ധസമിതി കോതമംഗലം രൂപത നേതൃത്വയോഗം സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. മദ്യശാലകൾ ആരംഭിക്കുന്നതിനുള്ള ദൂരപരിധി ആരാധനാലയങ്ങളുടേയും വിദ്യാലയങ്ങളുടെയും പൊതുശ്മശാനങ്ങളുടെയും അടുത്ത് നിന്ന് ഇപ്പോൾ നിലവിലുള്ള 50 മീറ്ററിൽ നിന്ന് 200 മീറ്ററായി ഉയർത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

രൂപത ഡയറക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജെയിംസ് കോറമ്പേൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ, ജോയ്സ് മുക്കുടം, സെബാസ്റ്റ്യൻ കൊച്ചടിവാരം, ജോയി പടയാട്ടിൽ, ബിജു വെട്ടിക്കുഴ, ജോയി പനയ്ക്കൽ, ജോസ് കൈതമന, കെ.വി. ഏണസ്റ്റ്, ജോമോൻ ജേക്കബ്, സിജോ കൊട്ടാരത്തിൽ, ജോമോൻ പാറയ്ക്കൽ, പീറ്റർ ഇടപ്പുളവൻ, മാർട്ടിൻ കീഴേമാടൻ, പി.എ. ഇമ്മാനുവേൽ, പോൾ കൊങ്ങാടൻ, ജിജോ അബ്രാഹം, ജോബി ജോസഫ് എന്നിവർ പ്രസംഗിച്ചു.

### *MVS 18/2026* കിറ്റ് ലികർ ഡേ ആചരണവും തൂഫാൻ തണ്ടർ പദ്ധതികൾക്ക് ഐക്യദാർഢ്യവും കോതമംഗലത്ത്

കെ.സി.ബി.സി മദ്യലഹരി വിരുദ്ധസമിതി കോതമംഗലം രൂപത, മദ്യവിരുദ്ധ ഏകോപന സമിതി, ഗ്രീൻവിഷൻ കേരള താലൂക്ക് കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ ശക്തമായ നടപടികളുമായി മുന്നേറുന്ന സംസ്ഥാന ഗവൺമെന്റിന്റെ തൂഫാൻ, തണ്ടർ പദ്ധതികൾക്ക് ഐക്യദാർഢ്യവും കിറ്റ് ലികർഡേ ആചരണവും കോതമംഗലം ചെറിയപള്ളിത്താഴത്ത് നടത്തി.

രൂപത ഡയറക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റും ഏകോപനസമിതി സംസ്ഥാന സെക്രട്ടറിയുമായ ജെയിംസ് കോറമ്പേൽ അദ്ധ്യക്ഷത വഹിച്ചു. മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. വിൻസെന്റ് മാളിയേക്കൽ മുഖ്യപ്രഭാഷണം നടത്തി. ഗ്രീൻവിഷൻ കേരള സംസ്ഥാന സെക്രട്ടറി ജോൺസൺ കറുകപ്പിള്ളിൽ ആമുഖപ്രസംഗം നടത്തി. കത്തീഡ്രൽ വികാരി റവ. ഡോ. മാത്യു കൊച്ചുപുരയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ജോൺ കണ്ണാടൻ, ബിജു വെട്ടിക്കുഴ, ജിജു വർഗീസ്, കെ.വി. ഏണസ്റ്റ്, മാർട്ടിൻ കീഴേമാടൻ, ബാബു ഇരുമല, ജോമോൻ ജേക്കബ്, റെജി വാരിക്കാട്ട്, കുര്യൻ കോതമംഗലം, ജോസ് ആന്റണി എന്നിവർ പ്രസംഗിച്ചു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

### *DFC 22/2026* രൂപത സമിതി യോഗം

ആഗസ്റ്റ് മാസത്തിലെ രൂപത സമിതി യോഗം 5-ാം തീയതി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്നു. രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്ത യോഗത്തിൽ രൂപത പ്രസിഡന്റ് ഡിഗോൾ കൊളംബേൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ വിവിധ ഫൊറോനകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. ദീപികയുടെ സർ

ക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ഡ്രീംലൈൻ പ്രോജ ക്ടുകൾ തീരുമാനിച്ചു. ഇടവക തലത്തിലെ പ്രവർത്തനങ്ങൾ സജീവ മാക്കുവാൻ ഫൊറോന ഭാരവാഹികളെ ചുമതലപ്പെടുത്തി. ഷീല രാ ജു, ജോർജ്ജ് മങ്ങാട്ട്, സിബി പൊതൂർ, തോമസ് കുണിഞ്ഞി എന്നി വർ പ്രസംഗിച്ചു.

*DFC 23/2026* **ഫൊറോന കൺവെൻഷൻ**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കോതമംഗലം ഫൊറോന കൺവെൻ ഷൻ 2026 സെപ്തംബർ 6 ഞായർ ഉച്ചകഴിഞ്ഞ് 2 മണിമുതൽ കോത മംഗലം സെന്റ് ജോർജ്ജ് കത്തീഡ്രൽ പള്ളി ഹാളിൽ നടക്കും. കോത മംഗലം ഫൊറോനയിലെ പള്ളികളിൽ നിന്നും ഉള്ള എല്ലാ ഇടവക ഭാരവാഹികളും പങ്കെടുക്കും.

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് മൈലക്കൊമ്പ് ഫൊറോന കൺവെൻ ഷൻ ആഗസ്റ്റ് 2-ാം തിയതി ഞായറാഴ്ച മൈലക്കൊമ്പ് സെന്റ് തോമ സ് ബി എഡ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ സി.എം.ഐ കൺവെൻ ഷൻ ഉദ്ഘാടനം ചെയ്യുകയും സമുദായ ശക്തീകരണം ദീപികയിലൂടെ എന്ന വിഷയത്തിൽ ക്ലാസ്സ് എടുക്കുകയും ചെയ്തു. ഫൊറോന ഡയ റക്ടർ ഫാ. ജോർജ് വള്ളോംകുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗ ത്തിൽ രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം അനുഗ്രഹ പ്ര ഭാഷണം നടത്തി. രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്ജ്, ഫൊ റോന പ്രസിഡന്റ് സജി ജെയിംസ്, സി റാണി പുത്തൻപുരയ്ക്കൽ എസ്.എച്ച്, ജോഷി ജോർജ്ജ്, ജിജി നിജോ എന്നിവർ പ്രസംഗിച്ചു.

*DFC 24/2026* **ഡ്രീം ലൈൻ പ്രൊജക്ട്**

പോത്താനിക്കാട് സെന്റ് സേവ്യേഴ്സ് ഇടവകയിൽ ദീപിക ഡ്രീംലൈൻ പ്രൊജക്ട് നടത്തി. വിജയകരമായി നടത്തുവാൻ സഹക രിച്ച വികാരി ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ, കൈക്കാരന്മാർ, പാരി ഷ് കൗൺസിൽ അംഗങ്ങൾ, ഡി.എഫ്.സി. ഭാരവാഹികൾ മറ്റു വിവി ധ സംഘടനാ ഭാരവാഹികൾ എന്നിവർക്ക് ഡി.എഫ്.സി. കോതമംഗ ലം രൂപത സമിതിയുടെ നന്ദിയും കൃതജ്ഞതയും.

### *DFC 25/2026* **ദീപിക നമ്മുടെ ഭാഷാ പദ്ധതി**

ദീപിക നമ്മുടെ ഭാഷാ പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾ:

SHGHS Muthalakodam, SJ LPS Parapuzha, LFUPS Vazhakala, SM HS Kodikulam, SMLPS Kodikulam, Vidyajyothi UPS Chalassery, SJ LPS Njarakkad, SMHS Kaliyar, Govt. Model School Muvattupuzha, GLPS Pothanikad, SALPS Paingottoor, SMHS Karimannoor, SMHSS Karimannoor, JLPS Vettampara, SMHSS Kaliyar, SMLPS Kaliyar, OLMC LPS Kavalangad, St Johns HS Kavalangad, GLPS Valiyapara, GLPS Kozhippily, SGLPS Kavalangad, Tiny Tots Kindergarten Oonnukal, GLPS Manimaruthumchal, SAHS Kothamangalam, SH LPS Ramalloor, LFHS Oonukal, SGHSS Kothamangalam, SJ HSS Paingottoor, SJHS Paingottoor, SALPS Vengalloor, SSHSS Vazhithala

Schools Sponsored outside Kothamangalam Diocese by DFC Karuppampady Forane

SALPS Edanad, STLPS Vallam, Asramam HS Perumbavoor

*Co-ordinator*

## യുവദീപ്തി - K.C.Y.M

### *YD 12/2026* **ഫൊറോന & യൂണിറ്റ് ലീഡേഴ്സ് ക്യാമ്പ്**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ ഫൊറോന & യൂണിറ്റ് ലീഡേഴ്സ് ക്യാമ്പ് ROOT- Grounded In Christ, Growing For Generation രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചുകൊണ്ട് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ തുടക്കം കുറിച്ചു. രൂപത പ്രസിഡന്റ് ശ്രീ. മെൽബിൻ കുര്യാക്കോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത അസി. ഡയറക്ടർ റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ, രൂപത ജനറൽ സെക്രട്ടറി കുമാരി അനു ബേബി, രൂപത വൈസ് പ്രസിഡന്റ് കുമാരി എലി

ശ്വാ മനോജ് എന്നിവർ സംസാരിച്ചു. 170 ഓളം യുവജനങ്ങൾ പങ്കെടുത്തു. ക്യാമ്പ് നയിച്ചത് റവ. ഫാ. മനു പൊട്ടനാനിയിൽ MST.

### *YD 13/2026* യുവോത്സവ് – ഫുട്ബോൾ ടൂർണമെന്റ് Season 4 സമാപിച്ചു

കോതമംഗലം രൂപതയിലെ യുവജനങ്ങൾക്കായി യുവദീപ്തി കെ.സി.വൈ.എം രൂപത സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'യുവോത്സവ് -7s' ഫുട്ബോൾ ടൂർണമെന്റ് സീസൺ 4 ആവേശകരമായി സമാപിച്ചു. ഓഗസ്റ്റ് 22, 23, 29 തീയതികളിൽ പല്ലാരിമംഗലം മിലൻ സ്പോർട്സ് ഹബ്ബിൽ നടന്ന ടൂർണമെന്റിൽ രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 46 ടീമുകൾ പങ്കെടുത്തു.

രൂപത അസി. ഡയറക്ടർ റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ കിക്കോഫ് നിർവഹിച്ച് ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. മൂന്ന് ദിവസങ്ങളിലായി നടന്ന മത്സരങ്ങളിൽ യുവാക്കളുടെ മികച്ച കായികമികവും ടീം സ്പിരിറ്റും പ്രകടമായി.

ഫൈനൽ മത്സരത്തോടെ സമാപിച്ച ടൂർണമെന്റിൽ നെടുങ്ങപ്ര യൂണിറ്റ് ജേതാക്കളായി. ഊന്നുകൽ യൂണിറ്റ് രണ്ടാം സ്ഥാനവും, മാതിരപ്പിള്ളി യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സമാപന സമ്മേളനം കോതമംഗലം രൂപത വികാരി ജനറൽ മോൺ. ഡോ. വിൻസന്റ് നെടുങ്ങാട്ട് ഉദ്ഘാടനം ചെയ്തു.

ജേതാക്കൾക്കുള്ള ഒന്നാം സമ്മാനം ₹10,000 മൂവാറ്റുപുഴ കോഡ്സ്റ്റോൺ ഹോളിഡേയ്സ്, രണ്ടാം സമ്മാനം ₹7,000 മന്നാ പൈനാപ്പിൾ, വാഴക്കുളം, മൂന്നാം സമ്മാനം ₹5,000 സാവിയോ കേറ്ററിംഗ്, മൂവാറ്റുപുഴ എന്നിവർ സ്പോൺസർ ചെയ്തു. സമ്മാനദാന ചടങ്ങിൽ രൂപത പ്രസിഡന്റ് മെൽബിൻ കുര്യക്കോസ്, രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ, രൂപത ഭാരവാഹികൾ, മിഷൻ ലീഗ് രൂപത ഡയറക്ടർ റവ. ഫാ. മാത്യു രാമനാട്ട് സ്പോൺസർമാരായ ജിൻസ് ജിമ്മി (ഡയറക്ടർ, കോഡ്സ്റ്റോൺ ഹോളിഡേയ്സ്), ഗ്രീൻ വിൻസന്റ് (ഉടമ, മന്ന പൈനാപ്പിൾ), മിഖായേൽ മാർട്ടിൻ അലക്സ് (ഉടമ, സാവിയോ കാറ്ററിംഗ്) എന്നിവർ സന്നിഹിതരായിരുന്നു.

യുവജനങ്ങളുടെ കായികശേഷിയും സൗഹൃദവും കൂട്ടായ്മയും വളർത്തുന്നതിനൊപ്പം യുവത്വത്തിന്റെ ആവേശവും ഐക്യവും വിളിച്ചോതിയ ശ്രദ്ധേയമായ കായികമേളയായി "യുവോത്സവ്-സീസൺ 4" മാറി.

*Director*

## ജീസസ് യൂത്ത്

*JY 19/2026* **CPG , HOUSEHOLD**

**& The Seraphic Stage Zonal Night Vigil**

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം

തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ

സെപ്റ്റംബർ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 6 -ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് മൈലക്കൊമ്പ് സാൻ പിയോ സെന്ററിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും കോതമംഗലം സബ് സോണിന്റേത് സെന്റ് ജോസഫ് അസൈലം ഹോമിൽ വച്ചും നടത്തപ്പെടുന്നതാണ്.

സെപ്റ്റംബർ മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 11-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 20/2026* **Teens Of Christ**

കോതമംഗലം സോണിലെ ടീൻസ് കുട്ടികൾക്കായുള്ള monthly gathering സെപ്റ്റംബർ 12-ാം തീയതി, രണ്ടാം ശനിയാഴ്ച്ച മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് സ്കുളിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 21/2026* **Campus Meet**

കോതമംഗലം സോണിലെ ക്യാമ്പസുകളിലെ കുട്ടികൾക്കായി Campus Meet' 26 സെപ്റ്റംബർ മാസം 18-ാം തീയതി മുതൽ 21-ാം തീയതി വരെ മൂവാറ്റുപുഴ നിർമല കോളേജിൽ വച്ച് നടത്തപ്പെടുന്നു.

സോണിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കുമായി ഒരുക്കുന്ന പ്രോഗ്രാം ആത്മീയ നവീകരണവും ക്രിസ്തുവിൽ ധീരരായ യുവാക്കൾ ആകാനുള്ള സന്ദേശവും പകരുന്നതായിരിക്കും.

കൂടുതൽ അറിയാനും രജിസ്റ്റർ ചെയ്യാനും ബന്ധപ്പെടുക: 6238295384.

*Animator*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**September 2026**

| | |
|---|---|
| 3-5 | Pre Marriage Course |
| 9 | Unarv |
| 15-17 | Young priests' Seminar |
| 17-19 | Pre Marriage Course |
| 22-25 | Retreat |

*Director*

## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Athickal Mathew | **September** | 21 |
| " | Areekkatt Mathew | " | 21 |
| " | Chandrankunnel Mathew | " | 21 |
| " | Chamakalayil Mathew | " | 21 |
| " | Edattu Mathews | " | 21 |
| " | Edattu Mathew | " | 21 |
| " | Kakkanatt Mathew (Jr.) | " | 21 |

| | | | |
|---|---|---|---|
| ” | Kizhakkedath Mathew | ” | 21 |
| ” | Konickal Mathew | ” | 21 |
| ” | Kochumundanmalayil Mathew | ” | 21 |
| ” | Kochupurackal Mathew | ” | 21 |
| ” | Kochupurackal Mathew (Jr.) | ” | 21 |
| ” | Kunnath Mathew | ” | 21 |
| ” | Maliekal Mathews | ” | 21 |
| ” | Mundackal Mathew M. | ” | 21 |
| ” | Mundackal Mathew (Jr.) | ” | 21 |
| ” | Mundackal Mathew | ” | 21 |
| ” | Nandalath Mathews | ” | 21 |
| ” | Plathottathil Mathew | ” | 21 |
| ” | Pittappillil Mathew | ” | 21 |
| ” | Pothanamuzhi Mathew | ” | 21 |
| ” | Poonat Mathew | ” | 21 |
| ” | Puthenkulam Mathew | ” | 21 |
| ” | Ramanattu Mathew | ” | 21 |
| ” | Tharappil Mathew | ” | 21 |
| ” | Thekkekara Mathew | ” | 21 |
| ” | Thekkumkattil Mathew | ” | 21 |
| ” | Thevarpadam Mathews | ” | 21 |
| ” | Thottathimyalil Mathew | ” | 21 |
| ” | Thozhalay Mathew | ” | 21 |
| ” | Vadakkumpadath Mathew | ” | 21 |
| ” | Nedungattu Vincent | ” | 27 |
| ” | Mlakuzhiyil Michael | ” | 29 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ 2026**

26 • രൂപത മതബോധന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 9-ാം ക്ലാസ്സിലെ കുട്ടികൾക്കായി നെസ്റ്റിൽ നടന്ന IGNITE പ്രോഗ്രാമിൽ കുട്ടികളെ അഭിസംബോധന ചെയ്തു സംസാരിച്ചു.

• പ്രവാസി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ നെസ്റ്റിൽ നടന്ന പ്രവാസി സംഗമത്തിൽ വി. കുർബാനയർപ്പിക്കുകയും തുടർന്നു നടന്ന മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

• Hail Mary Band -ന്റെ വാർഷിക സമ്മേളനം നിർമല കോളേജിൽ ഉദ്ഘാടനം ചെയ്തു.

27 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന ഫാമിലി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

28 • വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഉപ്പുകുന്ന് സെന്റ് അൽഫോൻസ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• വാഴപ്പിള്ളി ശാന്തിനിലയം വൈദിക മന്ദിരത്തിൽ നവീകരിച്ച മുറികളുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

29 • വേട്ടാമ്പറ സെന്റ് മർത്താസ് മഠത്തിൽ വി. മർത്തായുടെ തിരുനാൾദിനത്തിൽ വി. കുർബാനയർപ്പിച്ചു.

• കത്തീഡ്രൽ ദൈവലായത്തിൽ ഓലിയപ്പുറം പോളി പീറ്ററിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

• പാല മുണ്ടാങ്കൽ ഇടവകാംഗമായ കല്ലറയ്ക്കൽ കെ. എം. ജോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 • പ്രാർത്ഥനാഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കുവേണ്ടി നെസ്റ്റിൽ നടന്ന ധ്യാനത്തിൽ വി. കുർബാനയർപ്പിച്ചു.

31 ● തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വി. കുർബാന അർപ്പിച്ചു.

● കരിമണ്ണൂർ വടക്കേക്കര ജോബിൻ ജോസിന്റെ മൃതദേഹത്തിനരികെ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● അഞ്ചിരി വിലങ്ങുപാറയിൽ വി. പി. ജോണിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

● തൊടുപുഴ മറ്റത്തിപ്പാറ മലേപ്പറമ്പിൽ അന്നമ്മയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു

**ആഗസ്റ്റ് 2026**

01 ● വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വാഴപ്പിള്ളി ശാന്തിനിലയം വൈദിക മന്ദിരത്തിൽ വി. കുർബാനയർപ്പിച്ചു.

● രൂപത മതബോധന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 7-ാം ക്ലാസ്സിലെ കുട്ടികൾക്കായി നെസ്റ്റിൽ നടത്തിയ INSIGHT പ്രോഗ്രാമിൽ കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

02 ● കലൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

03-07 ● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന KCBC വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

07 ● ഊന്നുകൽ പുരയിടത്തിൽ തോമസ് മാത്യുവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 ● കോഴിപ്പിള്ളി SD പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന രജത-സുവർണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● വാഴക്കുളം ASJM മഠത്തിൽ അഭിഷേകാഗ്നി സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

● വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന കോളേജ് ട്രസ്റ്റ് അംഗങ്ങളുടെ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു.

09 • കല്ലൂർക്കാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

10 • വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി.

11 • വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും കോളേജിൽ വി. കുർബാനയർപ്പിക്കുകയും ചെയ്തു.

• പെരുമ്പല്ലൂർ കാഞ്ഞാമ്പുറത്ത് മറിയത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

• കത്തീഡ്രൽ പള്ളിയിൽ കോട്ടയ്ക്കൽ ഷോബി-അനിത ദമ്പതികളുടെ 4-ാമത്തെ കുട്ടിക്ക് പ്രവേശകകൂദാശകൾ നൽകി.

• നാകപ്പുഴ പള്ളിയിൽ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

12 • ഊന്നുകൽ പീച്ചാട്ട് പി.എം. ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

• രൂപതയിലെ വിവിധ സന്യാസസഭകളിലെ സോഷ്യൽ സർവീസ് ഡയറക്ടർമാരുടെ സമ്മേളനം ബിഷപ്സ് ഹൗസിൽ വിളിച്ചു ചേർക്കുകയും അതിൽ സംബന്ധിക്കുകയും ചെയ്തു.

• നെല്ലിമറ്റം പള്ളിയിൽ വാളൂക്കാരൻ ആന്റോ-ഡൗണി ദമ്പതികളുടെ 4-ാമത്തെ കുട്ടിക്ക് പ്രവേശകകൂദാശകൾ നൽകി.

13 • തിരുഹൃദയ സന്യാസിനീസമൂഹത്തിലെ വിവിധ പ്രോവിൻസുകളിൽപ്പെട്ട സിസ്റ്റേഴ്സിനുവേണ്ടി നേര്യമംഗലം തിരുഹൃദയമഠത്തിൽ നടന്ന ധ്യാനത്തിൽ വി. കുർബാനയർപ്പിച്ചു.

• കാരക്കുന്നം പ്രൊവിഡൻസ് ഹോമിൽ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

• മാറാടി പുത്തൻപുരയ്ക്കൽ പി. വി. ജോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 ● CHF സഭാംഗമായ സി. ജെമ്മയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മൂവാറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ കാർമികത്വം വഹിച്ചു.

● MSJ സന്ന്യാസിനീസഭയുടെ ജനറാൾ, വിവിധ പ്രവിശ്യകളിലെ പ്രൊവിൻഷ്യൽമാർ എന്നിവരുടെ സമ്മേളനം ബിഷപ്സ് ഹൗസിൽ നടത്തി.

● കോതമംഗലം കോലഞ്ചേരി പോൾ ജോസിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

● FCC സഭാംഗമായ സി. ഗ്രേസ് ഫ്ളവറിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് വാഴപ്പിള്ളി മഠത്തിൽ കാർമികത്വം വഹിച്ചു.

15 ● നവീകരിച്ച നെടിയശാല പള്ളിയുടെ പുനഃപ്രതിഷ്ഠാകർമം നിർവഹിച്ചു.

● തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ പുതുതായി പണിയുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

16 ● FCC സഭാംഗമായ സി. അലക്സിസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് വാഴപ്പിള്ളി മഠത്തിൽ കാർമികത്വം വഹിച്ചു.

17-28 ● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മെത്രാൻമാരുടെ സിനഡിൽ പങ്കെടുത്തു.

22 ● SABS സഭാംഗമായ സി. ലീനാ ജോസിന്റെ മൃതസംസ്കാര ശു ശ്രൂഷയ്ക്ക് മാറിക മഠത്തിൽ കാർമികത്വം വഹിച്ചു.

## Bishop's Engagements

### September 2026

| | | | |
|---|---|---|---|
| 04 | Fri | Pastoral Council Inauguration | Changanacherry |
| | | Holy Qurbana | Kuttampuzha |
| 05 | Sat | Sacraments of Initiation | Thrikkariyoor |
| | | Teachers' Conference | Kothamangalam |

## September 2026

| | | | |
|---|---|---|---|
| | | Holy Qurbana | Nediasala |
| 07 | Mon | Holy Qurbana | Mankulam |
| 08 | Tue | Holy Qurbana | Nakapuzha |
| 09-10 | | Bishops' Recollection | Munnar |
| 12 | Sat | Anniversary | Love Home, Mailacombu |
| | | Blessing of Presbytery | Nirmala Matha Church Muvattupuzha |
| 13 | Sun | Pastoral Visit | Ezhalloor |
| 14 | Mon | Marriage | Kalloorkad |
| 15 | Tue | Presbyteral Council | Kothamangalam |
| | | Young Priests' Seminar | Muvattupuzha |
| 17-18 | | CBCI Standing Committee | Bangalore |
| 19 | Sat | Blessing of Chapel & Convent | Thalayand |
| 20 | Sun | Pastoral Visit | Meenkunnam |
| 21 | Mon | Blessing of Renovated Altar | Ayavana |
| 23 | Wed | Blessing of Convent | Cheenikuzhi |
| 24 | Thu | Platinum Jubilee of St. Vincent De Paul Society | Nediakad |
| 29 | Tue | Study Forum | Muvattupuzha |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോൺ പിണക്കാട്ട് | ചരമദിനം | 02-10-2005 |
| ഫാ. ജോസഫ് പുത്തൻകുളം | ,, | 02-10-2005 |
| ഫാ. ആന്റണി നെടുമ്പുറം | ,, | 03-10-2008 |
| ഫാ. തോമസ് മുണ്ടയ്ക്കൽ | ,, | 04-10-2022 |
| ഫാ. ജോസഫ് പെരുമ്പനാനിക്കൽ | ,, | 20-10-2002 |

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ ചെമ്പരത്തി | ,, | 22-10-1964 |
| ഫാ. ജെയിംസ് വെമ്പിള്ളി (Sr.) | ,, | 22-10-1973 |
| ഫാ. ജോർജ് അറുകാലിൽ | ,, | 25-10-2003 |
| മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ | ,, | 29-10-1971 |
| ഫാ. ജോസഫ് കീത്താപ്പിള്ളിൽ | ,, | 29-10-2025 |
| ഫാ. മാത്യു തറയിൽ | ,, | 30-10-2013 |

## നിര്യാതരായി

### സി. ബെഞ്ചമിൻ CMC ആയത്തുപാടത്ത്



ഇടവക - നെയ്യശ്ശേരി
ജനനം - 22-04-1946
ആദ്യവ്രതം - 15-04-1967
നിത്യവ്രതം - 15-04-1972
മരണം - 02-08-2026
മൃതസംസ്കാരം - 03-08-2026 (വാഴക്കുളം)

### സി. ഗ്രെയ്സ് ഫ്ളവർ FCC നെടുങ്ങാട്ട്



ഇടവക - കാവക്കാട്
ജനനം - 10-04-1949
ആദ്യവ്രതം - 01-05-1971
നിത്യവ്രതം - 01-05-1977
മരണം - 13-08-2026
മൃതസംസ്കാരം - 14-08-2026 (വാഴപ്പിള്ളി ഈസ്റ്റ്)

## സി. ജെമ്മ CHF



ഇടവക - നെടുപുഴ (തൃശ്ശൂർ)
ജനനം - 15-12-1973
ആദ്യവ്രതം - 14-05-1995
നിത്യവ്രതം - 30-04-2000
മരണം - 13-08-2026
മൃതസംസ്കാരം - 14-08-2026 (മൂവാറ്റുപുഴ)

## സി. അലക്സിസ് FCC ഓലിക്കൽ



ഇടവക - വാഴക്കുളം
ജനനം - 14-01-1945
ആദ്യവ്രതം - 09-05-1966
നിത്യവ്രതം - 25-05-1971
മരണം - 15-08-2026
മൃതസംസ്കാരം - 16-08-2026 (വാഴപ്പിള്ളി ഈസ്റ്റ്)

## സി. പോൾ മരിയ മുല്ലൂർ SH



ഇടവക - രാജകുമാരി
ജനനം - 12-10-1944
ആദ്യവ്രതം - 02-05-1968
നിത്യവ്രതം - 02-05-1973
മരണം - 19-08-2026
മൃതസംസ്കാരം - 21-08-2026 (മൈലക്കൊമ്പ്)

## സി. ലീന ജോസ് SABS (കാഞ്ഞിരംകുന്നേൽ)



ഇടവക - വാഴക്കുളം
ജനനം - 12-12-1938
ആദ്യവ്രതം - 24-04-1963
നിത്യവ്രതം - 24-04-1967
മരണം - 20-08-2026
മൃതസംസ്കാരം - 22-08-2026 (മാറിക)

## സി. ഫാറ്റിമ MSJ (ചന്ദ്രൻകുന്നേൽ)



ഇടവക - പൂഞ്ഞാർ
ജനനം - 24-11-1939
ആദ്യവ്രതം - 08-09-1961
നിത്യവ്രതം - 08-09-1967
മരണം - 22-08-2026
മൃതസംസ്കാരം - 26-08-2026
(ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ്)



നെടിയശാല സെന്റ് മേരീസ് പള്ളിയുടെ നവികരിച്ച മദ്ബഹ



അഭിവന്ദ്യ പിതാവ് വെഞ്ചരിച്ച ക്രിസ്തുജ്യോതി ഇന്റർനാഷണൽ സ്കൂളിന്റെ പുതിയ ബ്ലോക്ക്

Deivarajyam
September 2026

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/09/2026
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691